
# ബൈബിൾ ടൂത്ത്



# ALMOST FREE !

# Excellent Christian Literature

You can receive 20 books (English) worth Two hundred rupees for rupees Twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to.

Editor
THE BIBLE TEACHER
C–22 N. D. S. E.2
New Delhi-110049

# ബൈബിൾ ട്രൂത്ത്

Editors

P. K. VARGHESE J. C. CHOATE

Published by church of christ


പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol 5 December 1990 No. 9





ആഘോഷങ്ങൾ പലതും ഈ ലോകത്തിൽ ആവേശപൂർവ്വം കൊണ്ടാടുന്നു. എല്ലാ മതങ്ങളും അതിൽ വിശ്വസിക്കുകയും ആചരിക്കുകയും ചെയ്യുന്നു. മനുഷ്യ സങ്കല്പങ്ങൾ അവരുടെ അഭിരുചികൾക്കനുസരിച്ചായിരിക്കും രൂപപ്പെടുത്തുക. കൂടുതൽ ജനങ്ങളെ ആകർഷിപ്പിക്കുക എന്ന ഉദ്ദേശമാകാം ഇതിന്റെ പിന്നിൽ. അപ്രകാരമുള്ള ഒരാഘോഷമാണ് ക്രിസ്തുമസ്സും. ഇന്നു ലോകത്തിൽ നടക്കുന്ന അനേക ആഘോഷങ്ങളെപ്പോലെ തന്നെ ക്രിസ്തുമസ് ആഘോഷവും ദൈവഹിത പ്രകാരമുള്ള ഒന്നല്ല. തികച്ചും ഭൗതികമായ കാഴ്ചപ്പാടോടുകൂടി നടത്തുന്ന ഈ ചടങ്ങുകൾക്കു ദൈവീകമായി പ്രാധാന്യം കൊടുക്കുന്നവരുണ്ട്. ഒരു പക്ഷേ അവരുടെ പാരമ്പര്യ പരിജ്ഞാനമാകാം അങ്ങനെ കരുതാൻ പ്രേരിപ്പിക്കുന്നത്. തെററു ചെയ്തുകൊണ്ട് അതു നീതിക്കുവേണ്ടിയായിരുന്നു എന്നു വാദിക്കുന്ന മൗഢ്യതയാണ് ഇതിലും നാം ദർശിക്കുന്നതു. പാപികളെ രക്ഷിപ്പാൻ ലോക രക്ഷിതാവായി വന്ന ക്രിസ്തുവിന്റെ ദൗത്യം തന്റെ ഭാഗത്തുനിന്നു അവൻ നിറവേററി. ആ രക്ഷ സൗമ്യതയോടെ സ്വീകരിക്കേണ്ട മനുഷ്യർ പരിശുദ്ധമായ ജീവിതം നയിച്ച. ദൈവപുത്രന്റെ ജനനത്തെ ആഘോഷിക്കുന്നതു മദ്യപാനവും ഡാൻസും കൊണ്ടായാലോ. എത്ര ഖേദകരമാണ്? എന്റേയും നിങ്ങളുടേയും ഹൃദയങ്ങളിൽ കർത്താവിന്റെ പവിത്രസ്വഭാവം ഉരുത്തിരിയട്ടെ. പുതുവൽസരത്തിലേക്കു പ്രവേശിക്കുന്ന നമ്മിൽ പുതിയ ജീവിതശൈലി തെളിഞ്ഞുവരട്ടെ, സമാധാനവും സന്തോഷവും ദൈവത്തിൽ നിന്നു നമുക്കു ലഭിക്കേണ്ടതിനു രൂപാന്തരം നമ്മിൽ വരുത്താം. ദൈവം നിങ്ങളെ ഉത്തേജിപ്പിക്കുകയും അനുഗ്രഹിക്കുകയും ചെയ്യട്ടെ എന്നു ഞാൻ ആശംസിക്കുന്നു.



# പാപത്തെ സമ്മതിക്കാൻ വിഷമം

J. C. ചോട്ട്

കുററം സമ്മതിക്കുവാൻ മനുഷ്യർക്കുള്ള വൈഷമ്യത്തെക്കുറിച്ച് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ. സത്യവേദ പുസ്തകം പരിശോധിച്ചാലും അതു വാസ്തവമാണെന്നു കാണാം. വളരെ ചുരുങ്ങിയ ആളുകൾക്കു മാത്രമെ തെററുസമ്മതിക്കുവാനോ തുറന്നു പറയുവാനോ കഴിഞ്ഞിരുന്നുള്ളു. തടവിൽ കഴിയുന്ന കുററവാളികളോടു ചോദിച്ചാൽ അവർ കുററക്കാരല്ലെന്നു സമർത്ഥിക്കുന്നതുകേട്ടിട്ടില്ലേ? തങ്ങൾ നിരപരാധികളാണെന്നും ചെയ്യാത്ത കുററത്തിനു ശിക്ഷ അനുഭവിക്കയാണ് എന്നും അവർ വാദിക്കും. ചിലർ അങ്ങനെയല്ലാത്തവരായും കണ്ടേക്കാം. എന്നാൽ എന്തുകൊണ്ടാണ് അവർ തങ്ങളുടെ അപരാധങ്ങളെ തുറന്നു പറയാത്തത്? എന്തുകൊണ്ട് മൂടിവെക്കുന്നു? അവർ നല്ലവരാണെന്നു സമൂഹം കണക്കാക്കണമെന്ന ദുരഭിമാനമോ അഹങ്കാരമോ ആകാം ഇതിന്റെ പിന്നിൽ. അവരുടെ ഉള്ളിലെ തോന്നലിൽ അഭയം തേടുകയാണ് അത്തരക്കാർ. ക്ഷമിക്കപ്പെടാൻ അർഹതയില്ലെങ്കിലും തങ്ങൾ അതിന് അർഹരാണെന്നു കരുതുകയാണ് അവർ. ഏതെല്ലാം വിധത്തിലാണ് മനുഷ്യമനസ് ചലിക്കുന്നത്?

ക്രിസ്ത്യാനികളായി തീർന്നിട്ടില്ലാത്തവരും ലോകത്തിൽ ജീവിക്കുന്നവരുമായ നല്ലൊരു വിഭാഗം ആളുകൾ വിശ്വസിക്കുന്നതു് അവർ നല്ലവരാണ് എന്നാണ്. ലോക പ്രകാരം നല്ല ധാർമ്മിക ജീവിതം നയിച്ചാൽ അവർക്കു സ്വർഗ്ഗത്തിൽ പോകാൻ കഴിയും എന്നാണ് അവർ ധരിച്ചുവെച്ചിരിക്കുന്നതു്. നല്ല ജീവിതം തീർച്ചയായും ആവശ്യമാണ്, അതോടൊപ്പം ദൈവത്താൽ രക്ഷ നേടേണ്ടതിന്നു അവന്റെ അരുളപ്പാടുകൾ അനുസരിച്ച് അവനെ പ്രസാദിപ്പിക്കണം. യേശുക്രിസ്തു നമ്മുടെ രക്ഷകനെന്നു എല്ലാവരും വിശ്വസിക്കുന്നുണ്ട്. അവൻ പറഞ്ഞിരിക്കയാണ് 'വിശ്വസിക്കയും സ്നാനമേല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും' എന്ന് (മർക്കൊസ് 16:16). യേശുക്രിസ്തുവിനേയും അവന്റെ സുവിശേഷത്തേയും വിശ്വസിക്കുകയോ അനുസരിക്കുകയോ ചെയ്യാത്ത

വർ ധാരാളം ഒഴിവുകഴിവുകൾ നിരത്താറുണ്ട്. ന്യായീകരിക്കുന്നവരും ഇല്ലാതില്ല. എന്നാൽ ദൈവത്തെ അറിയാത്തവർക്കും കർത്താവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും കർത്താവ് വീണ്ടും വരുമ്പോൾ പ്രതികാരം കൊടുക്കും എന്ന് അപ്പോസ്തലനായ പൗലോസ് രേഖപ്പെടുത്തിയിരിക്കുന്നു (2 തെസ്സലോനിക്യർ 1;7-9).

ഒരാൾ തന്നെ ക്രിസ്തുവിന്റെ ഉപദേശങ്ങൾക്കു കീഴ്പ്പെടുത്തുന്നുവെങ്കിൽ അവന്റെ കഴിഞ്ഞകാല പാപങ്ങൾ ദൈവം ക്ഷമിക്കുമെന്നാണ് വാഗ്ദാനം ചെയ്തിരിക്കുന്നതു (മർക്കൊസ് 16:16). പത്രോസ് പറഞ്ഞിരിക്കുന്നത് അങ്ങനെയുള്ളവരുടെ പാപങ്ങൾ ദൈവം മോചിച്ചുകൊടുക്കും എന്നത്രേ (പ്രവൃത്തി 2:38) ശൗൽ കർത്താവിനെ അനുസരിച്ചപ്പോൾ അവന്റെ പാപങ്ങൾ ക്രിസ്തു കഴുകിക്കളഞ്ഞു (പ്രവൃത്തി 22;16) ഇതൊരു പുതിയ ജനനം അല്ലെങ്കിൽ വീണ്ടും ജനനം എന്ന് കർത്താവ് പറഞ്ഞിരിക്കുന്നു. പൗലോസും അതുതന്നെ വ്യക്തമാക്കിയിരിക്കുന്നു. ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയായിത്തീരുന്നു (2കൊരിന്ത്യർ 5;17). അതുമാത്രം പോരാ അത്ഭുതകരമായ ഒരാരംഭം മാത്രമേ ഇതുകൊണ്ടാകുന്നുള്ളു; തുടർന്നും സ്വതന്ത്രമായ, പാപരഹിതമായ ഒരു ജീവിതം നയിക്കണമെങ്കിൽ നാം ദൈവത്തോടു വിശ്വസ്തത പുലർത്തണം. അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മയുണ്ട്. അവന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കും (1 യോഹന്നാൻ 1:7).

എന്നാൽ ഒരാൾ വിശ്വസ്തമായി ജീവിച്ചില്ലാ എങ്കിൽ എന്തു സംഭവിക്കും? അയാൾ വീണ്ടും പാപത്തിലേക്കു വീണുപോയാലോ? ചിലർ വിചാരിക്കുന്നത്, അതു അസാദ്ധ്യമാണെന്നാണ്. ഒരിക്കൽരക്ഷിക്കപ്പെട്ടാൽ പിന്നെ ആ രക്ഷ നഷ്ടപ്പെടുകയില്ലെന്നാണ് അവരുടെ പക്ഷം. അങ്ങനെയെങ്കിൽ പുതിയ നിയമ ലേഖനങ്ങളിലെല്ലാം തന്നെ വിശ്വസ്തമായി ക്രിസ്തീയ ജീവിതം നയിക്കുവാൻ ഓരോരുത്തരോടും പ്രബോധിപ്പിക്കുന്നതു എന്തിന്? 'നമ്മിൽ പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു. സത്യം നമ്മിൽ ഇല്ലാതെയായി. നമ്മുടെ പാപങ്ങളെ ഏററു പറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു. നാം പാപം ചെയ്തിട്ടില്ല എന്നു പറയുന്നുവെങ്കിൽ അവനെ അസത്യവാദിയാക്കുന്നു; അവന്റെ വചനം നമ്മിൽ ഇല്ലാതെയായി (1 യോഹന്നാൻ 1:8-10) ദൈവശ്വാസീയരായ അപ്പോസ്തലന്മാരിൽ ഒരാളായിരുന്ന യോഹന്നാൻ എഴുതിയതാണ് നാം വായിച്ച ഭാഗം. ക്ഷമാപണവും ശുദ്ധീകരണവും പ്രതീക്ഷിക്കുന്ന ഏതൊരു വ്യക്തിയും പാപത്തെ മൂടിവെക്കരുതെന്നു മാത്രമല്ല അതു ഏററു പറയുകയും വേണം ഇതാണ് ഈ കാര്യത്തിൽ ദൈവത്തിന്റെ പദ്ധതി.

ക്രിസ്ത്യാനികളായിതീർന്നശേഷവും അവർ മനുഷ്യരാകയാൽ തെററു ചെയ്യാൻ സാദ്ധ്യതയുണ്ട്. അവർ കർത്താവിൽ വിശ്വസ്ഥരായി ജീവിക്കുവാൻ ആവുന്നത്ര പരിശ്രമിക്കുമെങ്കിലും ചിലപ്പോൾ അവർ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാതിരിക്കയോ ചെയ്യരുതാത്ത കാര്യങ്ങൾ ചെയ്യുകയോ ചെയ്യുന്നു. ഈ അപാകതകൾ, ബലഹീനതകൾ, അകൃത്യങ്ങൾ മന:പൂർവം വരുത്തി തീർക്കുന്നതല്ലെങ്കിൽ അവ മറക്കപ്പെടുകയും ക്രിസ്തുവിന്റെ രക്തത്താൽ കഴുകപ്പെട്ട് ശുദ്ധീകരണം വരുത്തുകയും ചെയ്യും. മന:പൂർവം ഏതെങ്കിലും ഒരു ക്രിസ്താനി തെററായ കാര്യം പ്രവർത്തിച്ചതായി പരസ്യമായാൽ സഭയോടും കർത്താവിനോടും തുറന്നു ഏററു പറഞ്ഞ് ക്ഷമാപണം സ്വീകരിക്കേണ്ടതാണ്. യാക്കോബ് പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക. എന്നാൽ നിങ്ങൾക്കു രോഗശാന്തി വരേണ്ടതിന്നു തമ്മിൽ പാപങ്ങളെ ഏററു പറഞ്ഞു ഒരുവനുവേണ്ടി ഒരാൾ പ്രാർത്ഥിപ്പിൻ. നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു (യാക്കോബ് 5:16).

ചില സഹോദരന്മാർ വിചാരിക്കുന്നതു, ആരാധന വല്ലപ്പോഴും മുടക്കുന്നതു വലിയ പാപമൊന്നുമല്ലഎന്നാണ്. ഇതുപോലെ പല കാര്യങ്ങളും ദൈവേഷ്ടത്തിനു വിരുദ്ധമായി ചെയ്യാൻ അവർ ധൈര്യപ്പെടുന്നു. മററു ക്രിസ്ത്യാനികളിൽ നിന്നും വ്യത്യസ്തമായി ഈ കാര്യങ്ങളെല്ലാം ചെയ്തിട്ടും ഒന്നും സംഭവിക്കാത്തതുപോലെ ജീവിക്കുന്നവരുണ്ട്. അങ്ങനെയുള്ളവരെ സഭയുടെ മറെറല്ലാ കാര്യങ്ങളിലും തുല്യ പങ്കാളിത്തം കൊടുത്തു അംഗീകരിക്കണമെന്നാണ് അവർ കരുതുന്നത്. അവർക്കു തെററു പററിപ്പോയി എന്നതാണ് ശരി. സഭയുടെ മുഴുവൻ കൂട്ടായ്മ വേണമെന്നും കർത്താവ് അവരോടു ക്ഷമിക്കണമെന്നും അവർക്കുണ്ടെങ്കിൽ കർത്താവ് അരുളിച്ചെയ്തത് അവർ നിറവേററും. അങ്ങനെ ഏതെങ്കിലും ഒരു വ്യക്തി തെററുചെയ്തിട്ട് മററുസഹോദരന്മാർ അതുകണക്കാക്കാതെ ആ സഹോദരനുമായി എല്ലാ കൂട്ടായ്മയിലും പങ്കുചേരുകയാണെങ്കിൽ ആ സഹോദരനെ നിത്യനാശത്തിലേക്കു അയക്കുകയായിരിക്കും അവർ ചെയ്യുന്നതു്.

വേറെ ചില സഹോദരന്മാർക്ക് ചെയ്ത തെററ് അംഗീകരിക്കാൻ പ്രയാസമാണെന്നു മാത്രമല്ല, അവരുടെ തെററ് മററുള്ളവർ ചൂണ്ടികാണിക്കുന്നതും അവർക്ക് ഇഷ്ടമല്ല. ഇത്തരം എതിർ മനോഭാവക്കാർ ആ കാരണത്താൽ കർത്താവിൽ നിന്നും അവന്റെ സഭയിൽ നിന്നും അകന്നു പോകുവാനും ഇടയുണ്ട്. ഈ കാര്യത്തിൽ അവർ തങ്ങളെ തന്നെയാണ് പീഡിപ്പിക്കുന്നത്. ഈ അപരാധങ്ങളിൽ നിന്നും തിരിഞ്ഞ് ദൈവത്താൽ അനുഗ്രഹിക്കപ്പെടേണ്ടതിനാണ് സഭ അവരെ തിരുത്തുന്നത്. അല്ലാതെ അവരെ വ്രണപ്പെടുത്തുന്നതിനല്ല. കുററപ്പെടുത്തലിനു വേണ്ടിയാകരുത് അങ്ങനെ ചെയ്യുന്നതു. സ്നേഹത്താൽ യഥാസ്ഥാനപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ ആയിരിക്കണം ഈ തിരു

ത്തലുകൾ നടത്തേണ്ടത്. ഇതു മനസിലാക്കാത്തവർ കർത്താവിനോടും അവൻെറ ഇഷ്ടത്തോടും മൽസരിക്കുന്നവരാണ്. മനം തഴമ്പിച്ച്പോയ എത്രയോ പേരെ നമുക്കു കാണാവുന്നതാണ്. ഏതു രൂപത്തിലായാലും ഭാവത്തിലായാലും തുടർച്ചയായ പാപജീവിതം ഒരാളെ ആത്മീയ മരണത്തിൽ കൊണ്ടെത്തിക്കും.

ക്രിസ്ത്യാനികളിൽ ചിലർ തങ്ങളുടെ പാപങ്ങൾ, പ്രാർത്ഥിക്കുമ്പോൾ ഏററുപറയാൻ ലജ്ജിക്കുന്നവരുണ്ട്. ക്ഷമാപണം ദൈവത്തിൽ നിന്നും വേണമെന്നുള്ളവർ അത്തരം ബലഹീനതകൾ വിട്ടുകളയണം. ക്രിസ്ത്യാനിയായിതീരുക അഥവാ ക്രിസ്തീയജീവിതംനയിക്കുക എന്നു പറഞ്ഞാൽ എന്താണെന്ന് ശരിയായി മനസ്സിലാക്കാത്തതാണ്, ഇതിനെല്ലാം കാരണം. ക്രിസ്ത്യാനിയായിത്തീരുമ്പോൾ ആരും പൂർണ്ണരാകുന്നില്ല. പൂർണ്ണതയിലേക്ക് കുതിക്കുവാൻ ഒരു പടികയറുന്നതേയുള്ളു. ക്രിസ്ത്യാനിയായി കഴിഞ്ഞാൽ പിന്നെ ഒരു തെററും ചെയ്യുകയില്ല എന്നതോന്നൽ പാടില്ല. പാപം കൂടാതെയാണ് ജീവിക്കുന്നതു എന്നു പറയുന്നതുതന്നെ തെററാണ്. ക്ഷമാപണത്തിനായി ഓരോ ക്രിസ്ത്യാനിയും തൻെറ കുറവുകൾ കണ്ടെത്തുകയും ഏററ് പറയുകയും വേണം. ക്രിസ്ത്യാനിയായാലും പാപംചെയ്തുപോകും എന്നു പറഞ്ഞ് പാപത്തിനു കീഴ്പ്പെടുന്നതും ന്യായീകരിക്കാവുന്നതല്ല. എപ്പോഴായാലും നമ്മുടെ പ്രാർത്ഥനയിൽ തെററുകൾ സംഭവിച്ചതായി കേൾക്കുന്നില്ലെങ്കിൽ നാം നമ്മുടെ വീഴ്ചകളെ മൂടിവെക്കുന്നു എന്നുവേണം കരുതുവാൻ. അതുആത്മാർത്ഥതയുള്ള ആരിലും ഉണ്ടാകുകയില്ല. തിരുവെഴുത്തുകൾ തന്നിരിക്കുന്നതുതന്നേ നാം പാപത്തിൽ അകപ്പെടാതിരിപ്പാനത്രേ. ഒരു വഴികാട്ടിയായിട്ടാണ് വചനം നിലകൊള്ളുന്നത്. യോഹന്നാൻ ഓർമ്മിപ്പിക്കുന്നതു നോക്കുക 'എൻെറ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ നിങ്ങൾക്കു എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിൻെറ അടുക്കൽ ഉണ്ട്. അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തമാകുന്നു. നമ്മുടേതിനു മാത്രമല്ല, സർവ്വലോകത്തിൻെറ പാപത്തിന്നും തന്നെ (1 യോഹന്നാൻ 2:1-2)

നിങ്ങൾ നിങ്ങളിൽ തന്നെ ആശ്രയിക്കാതെ, ദുരഭിമാനത്തെ വിട്ടുകളഞ്ഞ്, സർവ്വശക്തനായ ദൈവത്തോടു അടുത്തുവരിക. നിങ്ങളുടെ പാപം എത്ര ഭയങ്കരമായ ഒന്നായിരുന്നാലും കരുണാമയനായ ദൈവം അതു ക്ഷമിക്കുമെന്നു വാഗ്ദാനം ചെയ്തിട്ടുണ്ട്. തടസ്സങ്ങളോ ഒഴിവുകഴിവുകളോ നിങ്ങൾക്കിടയിൽ ഉണ്ടെങ്കിൽ ആ പ്രശ്നത്തെ പരിഹരിക്കൂ. മാനുഷിക ബലഹീനതകളെ കണക്കിലെടുക്കാതെ സ്നേഹവാനായ രക്ഷകൻ നിങ്ങൾക്കായി കൈ നീട്ടുന്നു. രക്ഷ പ്രാപിക്കൂ, നിത്യനാശം ഒഴിവാക്കൂ.

□

# ഹൃദയഭേദകമായ പാപം

## ജോസഫ് A

പലരും പറയാറുണ്ട്, മനുഷ്യരല്ലേ തെററു പററാതിരിക്കുമോ എന്ന്. ശരിയാണ്. ഈ ലോകത്തിൽ ജീവിച്ചിട്ടുള്ളവരിലും ജീവിക്കുന്നവരിലും സാധാരണ മനുഷ്യരായിട്ടുള്ള എല്ലാവരും ചെയ്യരുതാത്ത പലതും പ്രവർത്തിച്ചവരും പ്രവർത്തിക്കുന്നവരുമാണ്. ഈ ലേഖനത്തിൽ ഹൃദയഭേദകമായ പാപത്തെ എടുത്തുകാണിക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. വ്യക്തിപരമായി പറഞ്ഞാൽ എൻെറ ജീവിതത്തെ തന്നെ പരിശോധനക്കു വിധേയമാക്കുവാൻ ഇടയാക്കിയ വാക്യങ്ങൾ ബൈബിളിൽ ചിലതുണ്ട്- അതു മാന്യവായനക്കാർക്കു ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

ഭൂമിയിൽ മനുഷ്യൻെറ ദുഷ്ടത വലിയതെന്നും അവൻെറ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പോഴും ദോഷമുള്ളതത്രെ എന്നും യഹോവ കണ്ടു. താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുക കൊണ്ട് യഹോവ അനുതപിച്ചു. അതു അവൻെറ ഹൃദയത്തിനു ദുഃഖമായി (ഉല്പത്തി 6:5-6).

ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ആറു ദിവസം കൊണ്ട് ദൈവം തൻെറ സൃഷ്ടിപരമായ ക്രിയകൾ പൂർത്തിയാക്കി. മനുഷ്യനു തക്കതായ ഒരു തുണയെയും അവൻ ഉണ്ടാക്കികൊടുത്തു. മനുഷ്യൻെറ ജീവസന്ധാരണത്തിനു ആവശ്യമുള്ളതത്രയും ദൈവം അവർക്കു കൊടുത്തു. താൻ ഉണ്ടാക്കിയതിനെ എല്ലാം ദൈവം നോക്കി അതു എത്രയും നല്ലതു എന്നു കണ്ടു.

പക്ഷേ അധികം താമസിയാതെ തന്നെ തൻെറ സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ സൃഷ്ടികർത്താവിനെതിരെ പാപം ചെയ്യുവാൻ തുടങ്ങി. മനുഷ്യരുടെ പാപം വർദ്ധിച്ചു വന്നപ്പോൾ അതു ദൈവത്തിനു ദുഃഖമുളവാക്കി. മനുഷ്യനെ സൃഷ്ടിച്ചു പോയല്ലോ എന്നോർത്തു ദൈവം അനുതപിച്ചു. അവിടെ ഒതുങ്ങുന്നില്ല. അവർ മാനസാന്തരപ്പെടുമോ, തന്നെ അനുസരിക്കുമോ എന്നു വീണ്ടും പരീക്ഷിച്ചുനോക്കി. പക്ഷേ മനുഷ്യർ വഴിപ്പെട്ടില്ല. തന്മൂലം ദൈവം ജലപ്രളയത്താൽ ഈ ജനത്തെ ശിക്ഷിക്കുകയുണ്ടായി.

വീണ്ടും നാം പഴയ നിയമത്തിൽ ശക്തനായ ഒരു രാജാവിനെ കാണുന്നുണ്ട്. ദൈവം അവനോടു 'നീ ചെന്നു അമാലേക്യരെ തോല്പിച്ചു അവർക്കുള്ളതൊക്കെയും നിർമ്മൂലമാക്കിക്കളക, അവരോടു കനിവു തോന്നരുത്. പുരുഷൻമാരേയും സ്ത്രീകളേയും കുട്ടികളേയും മുലകുടിക്കുന്നവരേയും, കാള, ആട്, ഒട്ടകം, കഴുത, എന്നിവയേയും സംഹരിച്ചു കളക എന്നു പറഞ്ഞു (1 ശമുവേൽ 15;3). അതേ അദ്ധ്യായത്തിൽ നാം വായിക്കുന്നത്; അവൻ അമാലേക്യ രാജാവായിരുന്ന ആഗാഗിനെ ജീവനോടെ പിടിച്ച് യിസ്രായേലിലേക്കു കൊണ്ടുവന്നു എന്നാണ്. കൂടാതെ മേത്തരമായ മൃഗങ്ങളേയും അവൻ കൊണ്ടുവന്നു. ദൈവത്തിനു യാഗമർപ്പിക്കുവാൻ എന്ന കാരണമാണ് അതിന് അവൻ കണ്ടെത്തിയത്. അപ്പോൾ യഹോവയുടെ അരുളപ്പാട് ശമുവേലിന്നു ഉണ്ടായതെന്തെന്നാൽ ഞാൻ ശൌലിനെ രാജാവായി വാഴിച്ചതിനാൽ എനിക്കു മനസ്താപമായിരിക്കുന്നു. അവൻ എന്നെ വിട്ടുമാറിയിരിക്കുന്നു. എന്റെ കല്പനകളെ നിവർത്തിച്ചതുമില്ല. ഇതിങ്കൽ ശമുവേലിനു വ്യസനമായി, അവൻ രാത്രി മുഴുവനും യഹോവയോടു നിലവിളിച്ചു (1 ശമുവേൽ 15:10-11).

ഈ രണ്ടു സന്ദർഭങ്ങളിലും ദൈവത്തിനെതിരായി പ്രവർത്തിക്കുന്നവർ മാനസാന്തരപ്പെടുകില്ല എന്നതു പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. നോഹ, നൂററിയിരുപതു വർഷം പ്രസംഗിച്ചിട്ടും ജനങ്ങൾ ആ പ്രസംഗത്തെ ചെവിക്കൊണ്ടില്ല (1 പത്രോസ് 3:20) അനുസരിച്ച എട്ടുപേരെ ഒഴിച്ച് ബാക്കി എല്ലാവരേയും വെള്ളത്താൽ നശിപ്പിച്ചു. രണ്ടാമത്തെ സംഭവത്തിൽ ശൌൽ തെററിനെ ന്യായീകരിക്കുന്നതായിട്ടാണ് നാം കാണുന്നത്. ശൌൽ ശമുവേലിനോടു പറഞ്ഞത് 'ഞാൻ യഹോവയുടെ കല്പന നിവർത്തിച്ചിരിക്കുന്നു' എന്നാണ് എന്നാൽ അവൻ തനിക്കു തോന്നിയതുപോലെയാണ് ചെയ്തത്. ഇന്നു പലരും ജീവിക്കുന്നതു അതുപോലെയാണ്; ദൈവത്തിന്റെ ഇഷ്ടത്തെ മാനിക്കാതെ: അവന്റെ കല്പനകളെ മാററിനിർത്തിയിട്ട് അവർക്ക് ഇഷ്ടമുള്ളതുപോലെയാണ് മതപരമായ കാര്യങ്ങൾ ചെയ്യുന്നത്. ഇതു തികച്ചും ഖേദകരമാണ്. ദൈവത്തെ ദുഃഖിപ്പിക്കുന്ന പ്രവണതയാണ് ഇതെന്നു ഓരോരുത്തരും അറിഞ്ഞിരിക്കണം. എത്രാനും പേർ അവരുടെ തെററുകളെ ന്യായീകരിച്ചുകൊണ്ടിരിക്കുകയാണ്. ദൈവം അവരുടെ ന്യായീകരണത്തെ എങ്ങനെ പ്രതികരിക്കും എന്ന് ശ്രദ്ധിക്കുക ശൌലിനെ ദൈവം രാജ്യസ്ഥാനത്തുനിന്നു നീക്കം ചെയ്തു എന്നാണ് നാം വായിക്കുന്നത്.

എസ്രയുടെ കാലത്തിലും ഇസ്രായേലിലെ മിക്കജനങ്ങളും ദൈവം കർശനമായി വിലക്കിയിരുന്ന ഒരു പരിശീലനത്തെ സ്വീകരിക്കുകയുണ്ടായി. ഇതു കണ്ട എസ്രാ തന്റെ വസ്ത്രം കീറി, തലമുടി പിച്ചി

ചിന്തി കരഞ്ഞു പ്രാർത്ഥിക്കുകയുണ്ടായി. ഇതു കണ്ട ധാരാളം ആളു കൾ തങ്ങളുടെ തെററുകളെ കുറിച്ചു ആലോചിക്കാൻ തുടങ്ങി. അവർ ചെയ്ത തെററെന്താണെന്നോ? അവർ അന്യജാതികളിൽ പെട്ട സ്ത്രീ കളെ ഭാര്യമാരായി എടുത്തു എന്നതാണ്, ദൈവം ചെയ്യരുതെന്നു കല്പിച്ചിരുന്നുവെങ്കിലും അവർ തങ്ങളുടെ ഇച്ഛപ്രകാരം ചെയ്തു. പാപം ഭയാനകമാണ് അതു കർത്താവിനെ വ്യണപ്പെടുത്തുന്നു-ആത്മീയമായി സുബോധമുള്ളവരേയും അതു ദുഃഖത്തിലാഴ്ത്തും- ദൈവ കല്പന ലംഘിക്കുന്നവർക്കു പറഞ്ഞറിയിക്കാനാവാത്ത കുഴപ്പങ്ങൾ നേരിടും. ഈ സംഭവത്തിൽ, ഇസ്രായേലിലുള്ള പുരുഷൻമാർ അവരുടെ വിദേശികളായ ഭാര്യമാരെയും മക്കളെയും അവരുടെ സ്വദേശത്തേക്കു തിരിച്ചയക്കേണ്ടതായി വന്നു. അതു അവരിൽ വളരെയധികം വേദനയുളവാക്കി എന്നതിൽ സംശയമേയില്ല. ഇസ്രായേലിനെ ആത്മീയ വിപത്തിൽ നിന്നും സൂക്ഷിക്കുവാൻ ഈ അററകൈ പ്രവർത്തിക്കേണ്ടിയിരുന്നു.

ചില ഭർത്താക്കൻമാർ മദ്യപാനത്തിലും ചീട്ടുകളിയിലും മററു ദുശീലങ്ങളിലും അകപ്പെട്ട് തങ്ങളുടെ ഭാര്യമാർക്കും കുട്ടികൾക്കും ആവശ്യമുള്ളവ നല്കാതിരിക്കുക മാത്രമല്ല, അവരെ മർദ്ദിക്കുകയും ശകാരിക്കുകയും ചെയ്യുന്നതു ഹൃദയങ്ങളെ വേദനിപ്പിക്കുന്ന പാപമായി നിങ്ങൾ കാണുന്നുവോ? ചില ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാരെ ഉപേക്ഷിച്ച് മററു പുരുഷൻമാരെ തേടി പോകുന്നു. ഇതും എത്ര ഹൃദയഭേദകമാണെന്നു ചിന്തിച്ചു നോക്കൂ. ചില കുടുംബങ്ങളിൽ കുട്ടികൾ തങ്ങളുടെ മാതാപിതാക്കളെ ബഹുമാനിക്കയോ അനുസരിക്കാതെ ജീവിക്കുന്നു ഇതു മാതാപിതാക്കളുടെ ഉള്ളു നീറുന്നതിനു കാരണമായി തീരുന്നു. സഭയിലുള്ള അംഗങ്ങൾ ദൈവേഷ്ടത്തിനു വിരുദ്ധമായി ജീവിക്കുമ്പോൾ, അവർ വചനത്തിൽ നിലനില്ക്കാതെ വരുമ്പോൾ, അദ്ധ്യക്ഷൻമാരുടേയും സുവിശേഷകൻമാരുടേയും ഹൃദയം വേദന അനുഭവിപ്പിച്ചു വരുന്നു. ചില ഉപദേശകൻമാരും ഇതിൽ നിന്നു വ്യത്യസ്ഥമല്ല. ദൈവത്തെ വിചാരിച്ച് എല്ലാവരും ഇത്തരം പ്രവണതകളിൽനിന്നു പിന്തിരിയുക.

നിങ്ങൾ ഇനിയും സുവിശേഷം അനുസരിച്ചിട്ടില്ലെങ്കിൽ നിങ്ങൾ ദൈവത്തെ ദുഃഖിപ്പിക്കുകയാണ് ചെയ്യുന്നതു. ഇന്നു നിങ്ങൾ വിചാരിക്കുന്നുവെങ്കിൽ ദൈവത്തെ സന്തോഷിപ്പിക്കാം (ലൂക്കൊസ് 15:7) ഈ വിപത്തുകളിൽ നിന്നു വക്രതയും കോട്ടവുമുള്ള തലമുറയിൽ നിന്നും നിങ്ങളെ രക്ഷിക്കുവാൻ, മാനസാന്തരപ്പെട്ട് നിങ്ങളുടെ വിശ്വാസത്തെ ധൈര്യമായി ഏററുപറഞ്ഞ് വെള്ളത്തിൽ മുങ്ങൽ സ്നാനമേററ് അവനെ അനുസരിച്ച് ജീവിക്കുക (പ്രവൃത്തി 2;28; ഗലാത്യർ 8:27) പാപത്തെ ലഘുവായി കാണുന്നവനല്ല ദൈവം.

(ശേഷം 21-ാം പേജിൽ)

# യേശുവിൽ അർപ്പിക്ക

റെവ. തങ്കച്ചൻ പുനലൂർ

ജീവന്നടിത്തറപാകുമെന്നേശുവിൽ
ജീവിതമർപ്പിക്ക:സോദരരേ:
കെട്ടിയുയർത്തുവിൻ ജീവിതഗേഹത്തെ
തുഷ്ടിയായ് തീർത്തിടും നാഥനെന്നും.

ഘോരപിശാചിൻകരത്തിലമർന്നതി-
ദാരുണമായിമരിപ്പോരെന്നെ
ഘണ്ഡാഭയംനീക്കിക്കാലംകഴിക്കുവാൻ
വിണ്ണ്ഡലനാഥൻപിറന്നുമന്നിൽ.

ശോകമാം ജീവിതനാളുകളെത്രയീ
പാഴ്മരുഭൂമിയിൽശൂന്യമാക്കി-
ത്തീർത്തിട്ടുമെത്തുവാനൊത്തില്ലെനിക്കതി
ധന്യമായുള്ളൊരു ജീവിതത്തിൽ

മോഹമാം ജീവിതപാതയിലോടിവൻ
നാശകൂപത്തിൽപ്പതിച്ചോരെന്നെ
തൻകരംനീട്ടിത്തലോടിയൊരുദിനം
രക്ഷണം ചെയ്യുവാനെത്തിനാഥൻ

തൻസ്വരം കേട്ടുഞാൻ പിൻചെന്നകാരണം
മോദമായ് വാഴുന്നീമന്നിടത്തിൽ
ശോകക്കൊടും വെയിലേറ്റുഞാൻ വീഴാതെ
തൻകരംതാങ്ങുമെൻനാളുകളെല്ലാം.

പാരിൽജനത്തിൻറെ പാതകം പോക്കുവാൻ
മന്നിന് വിണ്ണതിലേറിടുവാൻ
കാരിരുമ്പാണിയാൽകാൽവരിക്രൂശതിൽ-
കാൽകരംതൂങ്ങിമരിച്ചുനാഥൻ

എല്ലാംവെറുത്തുഞാനുല്ലാസമോദമായ്
സ്വർല്ലോക വീണയിൽ പാട്ടുപാടാൻ
എത്തുമൊടുവിലാ സ്വർഗ്ഗീയനാടതിൽ
കർത്തനോടൊത്തുവസിച്ചിടുംഞാൻ

# ക്രിസ്ത്യാനികളെ വിഴുങ്ങാൻ ശ്രമം

## പോരേരി വിജയൻ

ബൈബിളിന്റെ മഹത്വത്തെ ഇല്ലായ്മ ചെയ്യാൻ വേണ്ടി ഉന്നതങ്ങളിൽ തന്നെ ശ്രമം നടക്കുന്നുണ്ട്. ചില പ്രസിദ്ധീകരണങ്ങൾ ബൈബിൾ കാലഹരണപ്പെട്ടതാണെന്നു കൂവുമ്പോൾ ചിലത് യേശുക്രിസ്തു നീചനാണെന്നും ബൂർഷ്വാമേധാവിയാണെന്നും ഓരിയിടുന്നു.

വിശുദ്ധ ഖുർ- ആണ് ലോകരക്ഷയ്ക്ക് അവതരിപ്പിച്ച അവസാനത്തെ ഗ്രന്ഥമെന്നും അതിനുമുമ്പുള്ള എല്ലാ ഗ്രന്ഥവും കാലഹരണപ്പെട്ടു എന്നതാണ് ചിലരുടെ വാദഗതി, യഥാർത്ഥത്തിൽ ഏത് ആദ്യം. ഏത് പിന്നെ, എന്നതല്ല വിജ്ഞാനത്തിന്റെയും വിശുദ്ധിയുടെയും സ്വർഗ്ഗ പ്രാപ്തിയുടേയും മാനദണ്ഡമായി പരിഗണിക്കേണ്ടത്. മറിച്ച് അതിലെ മൂല്യങ്ങളാണ്.

യേശുവിനെ കുരിശിൽ തറച്ചു എന്ന കാര്യം ശുദ്ധ അസംബന്ധമാണെന്ന് ഖുറാൻ പ്രഖ്യാപിക്കുന്നു. 'മറിയമിന്റെ മകൻ ഈസാ എന്ന മസീഹിനെ (യേശുവിനെ) അവർ കൊലപ്പെടുത്തിയിട്ടില്ല' (വിശുദ്ധ ഖുർ-ആൻ-4:157) 'അല്ലാഹു അവങ്കലേക്ക് (സ്വർഗ്ഗത്തിലേക്ക്) ഉയർത്തി' ഖുറാൻ-(4.158). ഈ കാര്യങ്ങൾ ബൈബിൾ സത്യമല്ല എന്ന നിഗമനത്തിലേക്ക് എത്തിയ്ക്കാൻവേണ്ടി എഴുതിവെച്ച ശുദ്ധ അസംബന്ധങ്ങൾ മാത്രമാണ്. 'കിത്താബിനപ്പുറം ദുനിയാവില്ല' എന്ന് മുസ്ലീം ധാരണ തിരുത്തേണ്ടതാണ്.

യേശുക്രിസ്തുവിനെ ഈസാനബിയാക്കിയത് ക്രൈസ്തവ സമൂഹത്തെ മൊത്തത്തിൽ കൈയിലെടുക്കാമെന്ന വ്യാമോഹത്താലായിരിക്കണം. അള്ളാഹുവയച്ച പ്രവാചകനാണ് ക്രിസ്തുവെന്നും അതുകൊണ്ട് അള്ളാഹുവിന്റെ ഗ്രന്ഥത്തെ (ഖുറാനെ) ആശ്രയിക്കാൻ ക്രിസ്തുവിന്റെ അനുയായികളും ബാധ്യസ്ഥരാണ് എന്നും വരുത്താനാണ് ക്രിസ്തുവിനെ ഈസാനബിയാക്കിയത് എന്നു മനസിലാക്കാം.

സർവ്വസ്നേഹത്തിന്റെ അത്താണിയായ യേശുദേവനും വിശുദ്ധ ഖുറാനും തമ്മിൽ ഒരിക്കലും പൊരുത്തപ്പെടുകയില്ല. അള്ളാഹുവിലും അന്ത്യനാളിലും വിശ്വസിക്കാതെയും ഇസ്ലാമിനെ അംഗീകരിക്കാതെയും ഇരിക്കുന്നവരോട് യുദ്ധം ചെയ്യാൻ ഖുറാൻ (9:29) ഉപദേശി

ക്കുന്നു. അങ്ങനെ ചെയ്തില്ലെങ്കിൽ ഇഹലോകത്തിൽ അപമാനവും പരലോകത്തിൽ ശിക്ഷയും ഫലമുണ്ടത്രേ (ഖുറാൻ5:44). മുസ്ലീമല്ലാത്തവർ അവിശ്വാസികളാണ്. അവരുടെ ദേഹം 'നജസാ'ണ് (അശുദ്ധമാണ്) എന്നു ഖുറാൻ പ്രഖ്യാപിക്കുന്നു. മുസ്ലീമല്ലാത്തവർ ഫാസിഖ് (തോന്നിയവാസി) ആണ് എന്നും ഖുറാൻ പറയുന്നു. (ഇക്കാര്യങ്ങളിൽ മുസ്ലീങ്ങൾ ഭിന്നാഭിപ്രായക്കാരാണ്) എന്നാൽ ഇതിൽ നിന്നും ഭിന്നമായി ബൈബിൾ മനുഷ്യരെയെല്ലാവരേയും സ്നേഹിക്കാനും സൗഹാർദ്ദത്തോടെ വർത്തിക്കാനും പറയുന്നു.

''ക്രിസ്ത്യാനികൾ വഴിപിഴച്ചവരാണ്'' എന്നാണ് 'വിശുദ്ധ ഖുർ-ആൻ വിവരണം' എന്ന ബൃഹത്തായ ഖുറാൻ ഭാഷ്യ ഗ്രന്ഥത്തിൽ (പേജ്-116,117) എ. അലവി മൗലവിയും പി. കെ. മൂസ്സാമൗലവിയും മുഹമ്മദ് അമാനി മൗലവിയും പറയുന്നത് (രണ്ടാം എഡിഷൻ). മാത്രമല്ല. ''ഹേ, വിശ്വസിച്ചവരേ നിങ്ങൾ യഹൂദികളേയും ക്രിസ്ത്യാനികളേയും മിത്രങ്ങളാക്കി വെക്കരുത്'' (മാ ഇദ:54) എന്നും ഖുറാൻ പറയുന്നു. അങ്ങനെ ചെയ്താൽ ഭൂമിയിൽ കുഴപ്പവും നാശവും ഉണ്ടാകും എന്നും ഖുറാൻ ഭീഷണിപ്പെടുത്തുന്നു. (മുകളിൽ പറഞ്ഞ ഗ്രന്ഥം പേജ്-482).

യഥാർത്ഥത്തിൽ വഴി പിഴിച്ചവരാരാണ്? സങ്കുചിതത്വംകൊണ്ട് ജനങ്ങളെ യുദ്ധത്തിന് തയ്യാറാക്കുന്ന ഖുറാനും അതിന്റെ അനുയായികളുമല്ലേ? 'The Meaning of the Glorious Koran' എന്ന ഗ്രന്ഥത്തിൽ 'മൊഹമ്മദ് മാർമ്മ ഡ്യൂക്ക് പിക്ത്തൽ' രേഖപ്പെടുത്തുന്നത്, മുഹമ്മദ് നബിയുടെ ജീവിതത്തിലെ അവസാനത്തെ 10 കൊല്ലത്തിനിടക്ക് സ്വയം നേതൃത്വം കൊടുത്ത് 27 യുദ്ധം നയിച്ചെന്നും 9 എണ്ണം രൂക്ഷമായിപ്പോരാടി എന്നും യുദ്ധത്തിനായി ആസൂത്രണം ചെയ്തിരുന്ന 38 എണ്ണം വേറെയുണ്ടെന്നുമാണ്. ബൈസന്റൈൻ, പേഴ്സ്യൻ ആക്രമണങ്ങൾ ആസൂത്രണം ചെയ്ത് കൊണ്ടിരിക്കവേയാണ് മുഹമ്മദ് നബി മരിച്ചത്. മുഹമ്മദിന്റെ ജീവിതരീതി അതേപടി മുസ്ലീങ്ങൾ സ്വീകരിച്ചു. അവർക്ക് "ജിഹാദ്" (പരിശുദ്ധ യുദ്ധം) ജീവിതമാർഗ്ഗമായിത്തീർന്നു. അതിനിയും തുടരേണ്ടതാണെന്നാണ് നബിദിന സന്ദേശം! ഇന്ത്യയിലെമുസ്ലീങ്ങൾ കൂടുതലുള്ള പ്രദേശമായ മൊറാദാബാദ്, മീററ്റ്, അലിഗഡ്. മൂർഷിദാബാദ്... എന്നിവിടങ്ങളിലെ വർഗ്ഗീയ സംഘട്ടനത്തിന്റെ അടിസ്ഥാനവും ഈ വിശുദ്ധ ഖുർ-ആൻ തന്നെ: സോവിയറ്റ് യൂണിയനിലെ അർമേനിയ-അസർബൈജാൻ റിപ്പബ്ലിക്കുകൾ തമ്മിൽ നടന്ന വർഗ്ഗീയ സംഘട്ടനവും ഇതുകൊണ്ടു തന്നെ! യൂറോപ്പിനെ രക്തക്കളമാക്കിയ കുരിശുയുദ്ധവും ഇതുകൊണ്ടു തന്നെയാണ്! ലൂക്കോസിന്റെ സുവിശേഷത്തിൽ

(ശേഷം 15-ാം പേജിൽ)

# ഇതു മനസിലാക്കൂ

**കെ. ജി. ജോസ്**

മനുഷ്യരോടുള്ള ദൈവത്തിന്റെ ഏക വെളിപ്പാടായ ബൈബിളിൽ പഴയ നിയമത്തിൽ യെഹൂദൻമാരോട് ഉൽസവമായി ആഘോഷിക്കാൻ പറഞ്ഞതാണ് പെസഹ. 'യേശുക്രിസ്തു പറയുന്നത് എന്തെന്നാൽ,

ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നത് മോഷണം ചെയ്യുന്ന വ്യക്തി മോഷ്ടാവ് ആകുന്നു. കള്ളൻ എന്നാണല്ലോ അവനെ വിളിക്കുന്നത്. അവരെ കല്ലെറിഞ്ഞു കൊല്ലുമായിരുന്നു. ഇതുവളരെ കഠിനമായ ശിക്ഷയായി പോയി എന്ന് ഒരുപക്ഷേ ചിലർ വിചാരിച്ചേക്കാം. എന്നാൽ അവൻ ചെയ്ത കുററത്തെ കുറിച്ച് ഒന്ന് ഓർമ്മിച്ചു നോക്കുക. മോഷണമോ മറേറതൊരു തരത്തിലുള്ള പാപമായാലും കുററം ചെയ്യുന്നവൻ അപ്പോഴോ അല്ലെങ്കിൽ ഭാവിയിൽ ശിക്ഷിക്കപ്പെടാം എന്നതു തർക്കമററ കാര്യമാണ്. അതിൽ നിന്നും ഒഴിഞ്ഞു മാറാവുന്നതല്ല. ഒരാം പാപം ചെയ്യുവാൻ തീരുമാനിക്കുന്നതിനു മുൻപ്, അതിന്റെ ഫലം അനുഭവിക്കാൻ ഒരുക്കമാണോ എന്നു സ്വയം ചോദിക്കുക. അതിനു തയ്യാറില്ലെങ്കിൽ ആ തെററു ചെയ്യാതിരിക്കുകയാണ് നല്ലത്. ദൈവത്തിന്റെ കൃപാ വരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നേ. യൂദാ പന്ത്രണ്ട് അപ്പൊസ്തലൻമാരിൽ ഒരാളായിരുന്നു. പണസഞ്ചി സൂക്ഷിച്ചിരുന്നവനുമായിരുന്നു. അവൻ പിന്നീട് മോഷ്ടാവായി തീരുകയും മുപ്പതുവെള്ളിക്കാശിനു ക്രിസ്തുവിനെ ഒററിക്കൊടുക്കുകയുമാണു ചെയ്തത്. എന്റെ ആലയം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും എന്നു എഴുതിയിരിക്കുന്നു. നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹയാക്കിത്തീർക്കുന്നു എന്നു കർത്താവ് പറഞ്ഞു. തന്റെ ഹൃദയത്തിൽ നിശ്ചയിച്ചതു പോലെ കൊടുക്കട്ടെ എന്നാണ്. മലാഖിയുടെ പുസ്തകത്തിൽ നാം വായിക്കുന്നതു പോലെ ഒരിക്കലും ദൈവത്തെ തോൽപ്പിക്കരുത്. അവൻ സർവ്വശക്തനും ദാനകനും ആകുന്നു. അപ്പൊസ്തലനായ പൗലോസ് പറയുന്നത്. 'കള്ളൻ ഇനി കക്കാതെ മുട്ടുള്ളവനു ദാനം ചെയ്‌വാൻ ഉണ്ടാകേണ്ടതിനു കൈകൊണ്ടു നല്ലതു പ്രവൃത്തിച്ച് അദ്ധ്വാനിക്കയത്രേ വേണ്ടത് എന്നാണ്. ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദ

യത്തിൽ വാഴട്ടെ എന്നാണ് അപ്പൊസ്തലനായ പൗലോസ് പറഞ്ഞിരിക്കുന്നത്. എന്നാൽ കല്ലിൽ അക്ഷരമായി കൊത്തിയിരുന്ന മരണ ശുശ്രൂഷ നീക്കം വരുന്നതായ മോശെയുടെ മുഖതേജസ്സു നിമിത്തം യിസ്രായേൽ അവന്റെ മുഖത്തുനോക്കി കൂടാതവണ്ണം തേജസ്സുള്ളതായെങ്കിൽ, ആത്മാവിന്റെ ശുശ്രൂഷ അധികം തേജസ്സുള്ളതാകയില്ലയോ. ശിക്ഷാവിധിയുടെ ശുശ്രൂഷ തേജസ്സാകുന്നു എങ്കിൽ നീതിയുടെശുശ്രൂഷതേജസ്സേറിയതായിരിക്കും.അതേ തേജസ്സോടുകൂടിയതു ഇപ്പോൾ ഈ അതിമഹത്തായ തേജസ്സു നിമിത്തം ഒട്ടുംതേജസ്സില്ലാത്തതായതീരുന്നു. യേശുവിന്റെ ആത്മീയ സൗന്ദര്യവും അത്ഭുത സ്നേഹവും നിങ്ങളുടെ ഹൃദയങ്ങളിൽ മിന്നിത്തിളങ്ങട്ടെ. നമ്മുടെ നല്ല ഇടയനായ യേശുക്രിസ്തുവിനെ അനുഗമിക്കാം. അവൻ നല്ല വഴികളിലൂടെ നടത്തുകയും ജീവന്റെ ജലം നിത്യജീവങ്കലേക്കു പൊങ്ങിവരുന്ന നീരുറവയായിത്തീരുകയും ചെയ്യുമാറാകട്ടെ. ബൈബിളിന്റെ അടിസ്ഥാനത്തിൽ മാത്രം പഠനവും വ്യാഖ്യാനവും നടത്തുന്നവർ വ്യാജ പ്രവാചകൻമാരും അന്തിക്രിസ്തുമാരും ആകുമോ? ആകുകയില്ലായെങ്കിൽ ആരെയാണ് സൂക്ഷിക്കുവാൻ ക്രിസ്തു പറഞ്ഞിരിക്കുന്നത്? ക്രിസ്തുവിന്റെ ഓർമ്മക്കായി നാം കർത്താവിന്റെ മേശയിൽ നിന്നു പങ്കെടുക്കുമ്പോൾ ക്രിസ്തു ശാരീരികമായി അവിടെ കാണുന്നില്ല. ക്രിസ്തുവിന്റെ സഭയെ എതിർക്കുകയോ, സ്നേഹിക്കാതിരിക്കുകയോ ചെയ്താൽ അതിന്റെ അർത്ഥം നാം ക്രിസ്തുവിനെ തള്ളി പറയുന്നു എന്നതാണ്. അവന്റെ സഭയിൽ മാത്രമേ രക്ഷയുള്ളു. നാം മറക്കരുത്. കൂരിരുൾ താഴ്വരയിൽ കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല. നീ എന്നോടു കൂടെ ഇരിക്കുന്നുവല്ലോ. എന്റെ ശത്രുക്കൾ നിമിത്തം നീതിയിൽ എന്നെ നടത്തേണമേ എന്നു നമുക്കു പ്രാർത്ഥിക്കാം.

---

(13-ാം പേജിന്റെ തുടർച്ച)

പറയുന്നു. ആഭ്യന്തര കലഹമുള്ള ഏതു രാജ്യവും നശിച്ചു പോകും. വാഗ്വാദങ്ങളും ഭിന്നതകളും നിറഞ്ഞ ഭവനങ്ങളുടെയും ഗതി അതു തന്നെയാണ്" (11:17) ഈ ലളിതമായ കാര്യം മുസ്ലീങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

## Reference


1) ഖുർ-ആൻ പഠനത്തിലേക്ക് ഒരു തീർത്ഥയാത്ര-ടി.പി.കുട്ടിയമ്മു
2) വിശുദ്ധഖുർ-ആൻ വിവരണം-എ അലവിമൗലവി, പി.കെ മൂസ്സ മൗലവി, മുഹമ്മദ് അമാനി മൗലവി.
3) The Meaning of the Glorious Koran-MohammadMarmuduke Pickthal.
4) ശരിയത്ത് ആധുനിക സമൂഹത്തിൽ - അരുൺ ശൗരി.

# 'വീക്ഷാ ഗോപുരത്തിലെ യഹോവ'
## (Jehovah of the watch tower)

സാജു ജോർജ്ജ്

ലോകത്തിൽ വളരെയധികം മനുഷ്യരെ സ്വാധീനിച്ചുകൊണ്ട് വളർന്നുകൊണ്ടിരിക്കുന്ന ഒരു സംഘടനയാണ് യഹോവാസാക്ഷികൾ. ഈ സംഘടനയുടെ പെട്ടെന്നുള്ള വളർച്ചയുടെ പിന്നിൽ അവരുടെ സംഘടനാശേഷിയും, അത്യുത്സാഹവും പ്രകീർത്തിക്കപ്പെടാമെങ്കിലും അവർ പ്രചരിപ്പിക്കുന്ന ആശയങ്ങൾ അനേകരും അതിന്റെ ശരിയായ ഗൗരവത്തോടു കൂടി പരിശോധിക്കുകയോ മനസിലാക്കുകയോ ചെയ്യുന്നില്ല എന്നത് സത്യമാണ്.

ഇന്നത്തെ ക്രിസ്തീയ ലോകത്തിൽ ഈ സംഘടനയുടെ പ്രവർത്തനവും വിശ്വാസവും ആശയങ്ങളും എല്ലാ മനുഷ്യരും അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്. ദൈവവചനത്തിന്റെ വെളിച്ചത്തിൽ ഈ വിശ്വാസങ്ങൾ പരിശോധിക്കുകയും കരുതലോടുകൂടി അവയെ നേരിടുവാൻ ഒരുങ്ങിയിരിക്കേണ്ടതും ആവശ്യമായിരിക്കുന്നു. ഈ സംഘടനയെക്കുറിച്ചും, അവരുടെ വിശ്വാസത്തെക്കുറിച്ചും, ദൈവവചനത്തിൽ അവയുടെ ഉത്തരത്തെക്കുറിച്ചുള്ള അജ്ഞത വളരെയധികം മനുഷ്യരിൽ നിലനിൽക്കുന്നതിനാൽ അനേകർ അവർ അറിയാതെ ഈ സംഘടനയിൽ ചേർന്നിരിക്കുകയാണ്. അല്ലെങ്കിൽ ഈ വിഭാഗത്തിലെ വ്യക്തികളുടെ ബുദ്ധിപൂർവമായ സ്വാധീനത്താൽ ആകർഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

ദൈവവചനത്തെക്കുറിച്ചും, വചനത്തിലൂടെ ദൈവം ഒരുക്കിയിരിക്കുന്ന രക്ഷയുടെ പദ്ധതിയെക്കുറിച്ചും മനുഷ്യനെ ബോധവാനാക്കുന്നതിനും വചനത്തിന് വിപരീതമായ എല്ലാ ഉപദേശങ്ങളെയും എതിർത്തു നില്ക്കുവാനുള്ള ധൈര്യവും അറിവും എല്ലാവർക്കും ഉണ്ടാകേണ്ടതിനാണ് ഈ പഠനം ആരംഭിക്കുന്നത്.

## ചരിത്രം

ഈ സംഘടനയുടെ സാരഥികളായി പ്രവർത്തിച്ചിരുന്ന വ്യക്തികളുടെ ജീവിതവും പ്രവർത്തനവുമായി ബന്ധപ്പെട്ടിരിക്കുകയാണ്. 'യഹോവസാക്ഷികൾ' എന്നറിയപ്പെടുന്ന ഈ വിഭാഗത്തി

ന്റെ ചരിത്രം. A. D 1852 മുതൽ 1916 വരെ പ്രസിഡന്റായിരുന്ന ചാൾസ് ടേസ് റൂസ്വെൽ (Charles Taze Russell) ആണ് ആദ്യത്തെ വ്യക്തി. ഇദ്ദേഹത്തിന്റെ മാതാപിതാക്കൾ പ്രെസ്ബിറ്റേറിയൻ സഭാംഗങ്ങൾ ആയിരുന്നു. പ്രെസ്ബിറ്റേറിയൻ സഭയിലെ വിശ്വാസങ്ങളോട് പൊരുത്തപ്പെടാൻ കഴിയാത്ത റൂസ്വെൽ 17-ാമത്തെ വയസ്സിൽ എതിർപ്പ് പ്രകടിപ്പിക്കുകയും സഭയിൽ നിന്നും പുറത്തുവന്ന് 1870-75 കാലഘട്ടങ്ങളിൽ ബൈബിൾ പഠിപ്പിക്കുന്ന ഒരു ഗ്രൂപ്പുമായി ബന്ധപ്പെടുകയും ചെയ്തു. അഡ്വെൻറിസ്റ്റ് സിദ്ധാന്തക്കാരായിരുന്നു അവർ. അവർ പഠിപ്പിച്ച ക്രിസ്തു ശരീരത്തോടുകൂടി വീണ്ടും ഭൂമിയിലേയ്ക്ക് വരുമെന്ന വിശ്വാസം റൂസ്വെൽ എതിർത്തു; അതിനെതിരായി ലഘുലേഖകൾ അച്ചടിച്ച് പ്രസിദ്ധീകരിക്കുകയും ചെയ്തു. ഈ വിശ്വാസത്തിന് എതിരായി ചിന്തിക്കുന്ന മറ്റൊരു വിഭാഗവുമായി 1876-ൽ അദ്ദേഹം ബന്ധം ആരംഭിച്ചു. ക്രിസ്തുവിന്റെ രണ്ടാംവരവ് ആത്മീയമായ ഒന്നാണെന്നും അദൃശ്യമായിരിക്കുമെന്നും അവർ ജനത്തെ പഠിപ്പിച്ചു. ആ ഗ്രൂപ്പുമായി ചേർന്ന് റൂസ്വെൽ 'Herald of his Coming' 'Three worlds or plan of Redemption' എന്ന് പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കുകയും ചെയ്തു. ഈ വിഭാഗത്തിന്റെ നേതാവായിരുന്നു ബാർബൌർ-മായി (Barbour) ക്രിസ്തുവിന്റെ മരണോദ്ദേശത്തെക്കുറിച്ച് അഭിപ്രായ വ്യത്യാസമുണ്ടായി. അവരിൽനിന്ന് വേറിട്ട് സ്വതന്ത്രനായി 1879 July-1-ാം തീയതി സ്വന്തമായി ഒരു പ്രസിദ്ധീകരണം ആരംഭിച്ചു. 'Zions watch tower and Herald of Christ's Presence' ഈ പ്രസിദ്ധീകരണം റൂസ്വെൽ സിദ്ധാന്തത്തിന്റെ പ്രചാരത്തിന് വലിയ മുഖാന്തിരമായി തീർന്നു. 1880 ഓടുകൂടി 30 ലധികം കൂട്ടായ്മകൾ രാജ്യത്തിന്റെ പല ഭാഗങ്ങളിലും ആരംഭിക്കുവാൻ ഇടയായി. 1881-ൽ റൂസ്വെൽ മാനേജരായി 'Zion watch Tower Tract Society' രൂപീകരിക്കപ്പെട്ടു. 1884 ഡിസംബർ 13-ാം തീയതി ഈ സംഘടന ഒരു സഹകരണ പ്രസ്ഥാനമായി (Corporation) മാറി. ഈ ദിവസമാണ് ഔദ്യോഗികമായി ഈ സംഘടനയുടെ ജന്മദിവസമായി കണക്കാക്കപ്പെടുന്നത്. Pennsyl vania യിൽ Head Quarter സ്ഥാപിക്കപ്പെട്ടു. പുസ്തകങ്ങൾ വളരെയധികം പ്രസിദ്ധീകരിക്കപ്പെട്ടു. 1900-ൽ വിദേശത്ത് ആദ്യമായി സംഘടനയുടെ വളർച്ച വ്യാപിച്ചു. ആദ്യം ലണ്ടനിലും 1903-ൽ ജർമ്മനിയിലും; 1904-ൽ ആസ്ട്രേലിയായിലും സംഘടനയ്ക്ക് അനുയായികൾ ഉണ്ടായി.

1908-ൽ സംഘടനയുടെ നിയമോപദേഷ്ടാവായി ജോസഫ് ഫ്രാങ്ക്ലിൻ റൂതർഫോർഡ് നിയമിക്കപ്പെട്ടു. അദ്ദേഹം ന്യൂയോർക്കിൽ സംഘടനക്കുവേണ്ടി ഒരു വലിയ മന്ദിരം നേടിയെടുത്തു. അവരുടെ പ്രസിദ്ധീകരണങ്ങൾ അവകാശപ്പെടുന്നത് 1909-14 കാലഘട്ടത്തിൽ റൂസ്വെൽ നടത്തിയ 3000 പ്രസംഗങ്ങൾ അമേരിക്ക, കാനഡ, യൂ

റോപ്പ് എന്നിവിടങ്ങളിലുള്ള പ്രസിദ്ധീകരണങ്ങളിൽ ആഴ്ചതോറും വന്നിട്ടുണ്ട് എന്നാണ്. പക്ഷേ Martin/Klan എന്നിവരുടെ പുസ്തകത്തിൽ അവർ അവകാശപ്പെടുന്നത് ഈ പ്രസംഗങ്ങളിലധികവും നടത്തപ്പെടാതെ പ്രസംഗിച്ചു എന്ന വെറും അവകാശവാദങ്ങൾ മാത്രമാണെന്നാണ്. (Jehovah's witnessas in the Divine Purpose.Page 50. Jehovah of the watch tower. Grand Rapids, Zondenam. 1959. PP.15-17) 1879-ൽ റൂസ്വെൽ മറിയ ഫ്രാൻസ് അക്ലിഎന്ന സ്ത്രീയെ വിവാഹം കഴിച്ചു. പക്ഷേ 1897-ൽ അവർ വേർ പിരിഞ്ഞു. അവർക്ക് കുട്ടികളുണ്ടായിരുന്നില്ല. 1913-ൽ മറിയ ഫ്രാൻക്സ് അക്ലി തന്റെ ഭർത്താവായിരുന്ന റൂസ്വെലിന്യ വിരോധമായി വിവാഹമോചനത്തിന് കോടതിയെ സമീപിച്ചു. ഉന്നയിച്ചിരുന്ന കാരണങ്ങൾ വഞ്ചന, സ്വാർത്ഥത, മററ് സ്ത്രീകളുമായുള്ള തെററായബന്ധം, അടിച്ചമർത്തൽ എന്നിവയായിരുന്നു. (Brace. M. Metazer, 'The Jehovah's witnesses and Jesus christ', Theology Today, April 1953. pp 65-66. The Jehovah's witness by columbia University press. 1945. pp 9-11)

1912-ൽ J. J. Ross എന്ന ബാപ്റ്റിസ്റ്റ് പാസ്റ്റർ ഒരു ലഘുലേഖ പ്രസിദ്ധീകരിച്ചു. 'Some facts about the Self-styled pastor-charles. T. Rusell (സ്വാർത്ഥനായ റൂസ്വെൽനെക്കുറിച്ച് ചില വസ്തുതകൾ) ഇതറിഞ്ഞ Russell, Ross ന് എതിരായി മാനനഷ്ടത്തിനു കേസ്കൊടുത്തു. പക്ഷേ കോടതിയിൽ റൂസ്വെലി പരാജയപ്പെടുകയും, പാസ്ററർ റോസ് ആരോപിച്ച കുററങ്ങൾ സത്യമാണെന്ന് തെളിയിക്കപ്പെടുകയും ചെയ്തു. യാതൊരു ഗ്രീക്കു പരിജ്ഞാനവുമില്ലാതിരുന്നിട്ടും കോടതിയിൽ, തനിയ്ക്ക് എബ്രായ, ഗ്രീക്ക് ഭാഷകൾ പരിചയമുണ്ടെന്നും അതിനാൽ ബൈബിൾ വ്യാഖ്യാനത്തിന് താൻ യോഗ്യനാണെന്ന് ആദ്യം പറയുകയും പിന്നീട് വക്കീൽ ഗ്രീക്ക് അക്ഷരങ്ങൾ വായിക്കുവാൻ ആവശ്യപ്പെട്ടപ്പോൾ അറിയുകയില്ല എന്നു സമ്മതിക്കുകയും ചെയ്തു, റൂസ്വെലും റോസും തമ്മിൽ നടന്ന കേസിന്റെ വിവരങ്ങൾ സംഘടനയുടെ ആസ്ഥാനമായ Brooklynൽ ഇപ്പോഴും പരിശോധിച്ചാൽ ലഭിക്കും. (Martin and klan. P. 18-22) 1916 ഒക്ടോബർ 31-ാം തീയതി റൂസ്വെൽ മരിച്ചു.

## ജോസഫ് ഫ്രാങ്ക്ലിൻ റൂതർ ഫോർഡ്

1917 ജനുവരി 6-ാം തീയതി റൂതർഫോർഡ് സംഘടനയുടെ രണ്ടാമത്തെ പ്രസിഡൻറായി തീർന്നു. നിയമ പണ്ഡിതനായ അദ്ദേഹം ബാപ്ററിസ്റ്റുകാരനായിരുന്നു. അദ്ദേഹം സംഘടനയുടെ അധികാരം ഏറെറടുത്തു കഴിഞ്ഞ് പ്രവർത്തനം ഊർജ്ജിതമാക്കി. 1917 ഡിസംബർ മാസം പ്രസിദ്ധീകരിച്ച ഒരു ലഘുലേഖ ഗവൺമെൻറ് തല

ത്തിൽ നടപടികളെടുക്കുവാൻ പ്രേരിപ്പിച്ചു. കനേഡിയൻ ഭരണകൂടം വീക്ഷാഗോപുരത്തിന്റെ പ്രസിദ്ധീകരണങ്ങൾ കൈവശം വക്കുന്നത് നിരോധിച്ചു. യുദ്ധ വിരോധം വരുത്തുന്നതും യുദ്ധത്തിൽനിന്ന് പട്ടാളക്കാരെ പിൻമാററുന്ന തരത്തിലുള്ള ഉപദേശമായിരുന്നു ലഘുലേഖകളുടെ ഉള്ളടക്കം. 1918 മേയ് മാസത്തിൽ അമേരിക്കൻ ഭരണകൂടം സംഘടനയുടെ 8 നേതാക്കന്മാരെ അറസ്റ്റു ചെയ്തു. പട്ടാള സേവനത്തിന് തയ്യാറാകാതിരിക്കുവാൻ മനുഷ്യരെ പഠിപ്പിക്കുകയും മററും ചെയ്തതിനായിരുന്നു അത്. ജൂൺ 20-ന് അവരുടെ കുററം ശരിയാണെന്ന് കോടതി വിധിക്കുകയും 20 വർഷത്തെ തടവിന് വിധിക്കുകയും ചെയ്തു. പക്ഷേ 1918-ൽ യുദ്ധം അവസാനിച്ചതിനുശേഷം അനേകരുടെ നിർബ്ബന്ധത്താലും പെററീഷനുകൾ പരിഗണിച്ചും അവരെ സ്വതന്ത്രരാക്കി.

1931-ൽ കൊളംബിയയിൽ നടന്ന ഒരു കൺവെൻഷനിൽ അംഗങ്ങൾ ഒരു ഉടമ്പടി ഉണ്ടാക്കുകയും അന്നു മുതൽ യഹോവസാക്ഷികൾ എന്ന പേർ സ്വീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. യെശയ്യാവ് 43:10 ന്റെ അടിസ്ഥാനത്തിലായിരുന്നു ആ നാമം അവർ സ്വീകരിച്ചത്. രണ്ടാം ലോകമഹായുദ്ധകാലത്തും അനേകർ അറസ്റ്റുചെയ്യപ്പെടുകയുണ്ടായി. 1942-ൽ റൂതർഫോർഡ് അന്തരിച്ചു. 20 വർഷം അദ്ദേഹം സംഘടനയുടെ പ്രസിഡൻറായിരുന്നു.

## നാഥാൻ ഹോമർ നോർ

സംഘടനയുടെ മൂന്നാമത്തെ പ്രസിഡൻറായ ഇദ്ദേഹം 18-ാം വയസ്സിൽ തന്നെ ഒരു മുഴുവൻ സമയ പ്രാസംഗികനും പ്രവർത്തകനുമായി ചേർന്നിരുന്നു. രണ്ട് പ്രസിഡൻറുമാരെപ്പോലെ ഇദ്ദേഹം വലിയ പ്രശസ്തനായി തീരുവാനുള്ള പ്രവർത്തനങ്ങളൊന്നും ചെയ്തില്ല. ഇദ്ദേഹത്തിന്റെ കാലയളവിൽ നടപ്പിലാക്കിയ ചില പ്രധാനപ്പെട്ട തീരുമാനങ്ങൾ.

1943-ൽ ഒരു ബൈബിൾ സ്ക്കൂൾ ആരംഭിച്ചു.

1950-ൽ സംഘടനയുടെ ആവശ്യത്തിനും ഉപയോഗത്തിനുമായി ബൈബിൾ പഴയ നിയമഭാഗങ്ങൾ തർജ്ജിമ നടത്തി പ്രസിദ്ധീകരിച്ചു.

1961-ൽ New world Translation എന്ന പൂർണ്ണ ബൈബിൾ പ്രസിദ്ധീകരിച്ചു.

1971-ൽ സംഘടനയുടെ പ്രവർത്തനം 207 രാജ്യങ്ങളിലേയ്ക്ക് വ്യാപിക്കപ്പെട്ടു.

## II ഉപദേശങ്ങൾ

ഈ സംഘടന വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന

ചില ഉപദേശങ്ങൾ നമുക്ക് നോക്കാം. തുടർന്നുള്ള പഠനത്തിൽ, ദൈവ വചന വെളിച്ചത്തിൽ ഇവ എത്രമാത്രം വചനത്തിൽ അടിസ്ഥാനപ്പെട്ട വയാണെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും.

1. യഹോവയെ മാത്രമാണ് നിത്യതയിൽ വസിക്കുന്ന, സകല സൃഷ്ടികളുടേയും അധിപതിയും സംരക്ഷകനുമായ ഏക ദൈവം.
2. മനുഷ്യൻെറ പ്രാണൻ നിത്യസ്വഭാവമുള്ളതല്ല. മൃഗങ്ങളെപോലെ മരിച്ചുകഴിഞ്ഞാൽ അവസാനിക്കുന്നതാണ് (mortal)

3. നരകം എന്ന ഒരു പ്രത്യേക അവസ്ഥയില്ല. it is only a common grave.

4. യേശുക്രിസ്തു ഒരു മാലാഖയാണ്, ദൈവം മാലാഖമാരെസൃഷ്ടിച്ചപ്പോൾ ആദ്യം നടത്തിയ സൃഷ്ടിയാണ് യേശു. മീഖായേൽ എന്ന പ്രധാന ദൂതനാണ് യേശു ക്രിസ്തു.

5. യേശു ക്രിസ്തു ഒരു കുരിശിലല്ല. ഒരു മരത്തൂണിൽ (torture Stake) ആണ് മരിച്ചത്.

6. പരിശുദ്ധാത്മാവ് ദൈവമോ, വ്യക്തിയോഅല്ല. ദൈവത്തിൻെറ പ്രവർത്തനത്തിന് സഹായിക്കുന്ന ഒരു ശക്തി മാത്രമാണ്.

7. പന്ത്രണ്ട് അപ്പോസ്തലന്മാരിൽ നിന്നാരംഭിക്കുന്ന 144000 പേർക്കു മാത്രമേ സ്വർഗ്ഗത്തിൽ പ്രവേശനമുള്ളു. ഈ സംഖ്യ 1935-ൽ പൂർത്തിയായി. ഈ 144000- പേരിൽ ഇന്ന് ജീവനോടിരിക്കുന്നത് വെറും 9000 ത്തിനടുത്തുള്ളവർ മാത്രമാണ്.

8. ജന്മദിവസം തുടങ്ങിയ ആഘോഷങ്ങൾ തെററാണ്.

9. യേശു മരിച്ച ശേഷം ആത്മ ജീവിയായി ഉയിർക്കുകയും 1914-ൽ അദൃശ്യനായി-ആത്മീയമായി-ഈ സംഘടനയിൽ പ്രത്യക്ഷപ്പെടുകയും ചെയ്തു. യേശു ശരീരത്തോടുകൂടി ഉയിർത്തെഴുന്നേററില്ല എന്ന് ഇവർ വിശ്വസിക്കുന്നു.

10. 1935 നു ശേഷം വിശ്വാസത്തിൽ പ്രവേശിക്കുന്നവർക്കുള്ള പ്രത്യാശയാണ് പുതിയ പറുദീസയായി തീരുന്ന ഭൂമി.

11. ഭൂമിയിൽ ദൈവത്തിൻെറ ശബ്ദം പകർന്നുകൊടുക്കുന്നതിനായി ദൈവം തിരഞ്ഞെടുത്ത ഏക സംഘടനയാണ് Watch Tower

12. Blood Transfusion തെററായ ഒരു പ്രവൃത്തിയാണ്.

(ശേഷം അടുത്ത ലക്കത്തിൽ)

(കഴിഞ്ഞ ലക്കം തുടർച്ച)

വിഷമം എത്രമാത്രം ആണെന്നു് നമുക്ക് ഊഹിക്കാവുന്നതേയുള്ളു. ആ ആപത്തിൽ നിന്ന് കുട്ടിയെ രക്ഷിക്കുമ്പോൾ കുട്ടിക്ക് ഉണ്ടാകുന്ന സന്തോഷം അവർണ്ണനീയം തന്നെ. ഭൗതികമായ അഭയ സ്ഥാനത്തിന് വെമ്പൽ കൊള്ളുന്നവരാണ് ഇന്ന് ഭൂരിഭാഗം ആളുകളും. പക്ഷേ അതിനപ്പുറമായി നമുക്ക് എന്നേക്കും അനുഭവിക്കേണ്ടതായ ആത്മീയ സ്ഥാനമുണ്ട്. ആ അഭയം നിങ്ങൾക്കു കിട്ടിയിട്ടുണ്ടോ?

യേശുക്രിസ്തുവിന്റെ മരണം ആസന്നമായി എന്ന് അവൻ തന്റെ ശിഷ്യന്മാരെ അറിയിച്ചു. മരണത്തെ അഭിമുഖീകരിക്കുകയല്ലാതെ മററു മാർഗ്ഗമില്ലെന്ന് അവൻ തന്റെ ശിഷ്യന്മാരോടു പറഞ്ഞു. ഇതു കേട്ടപ്പോൾ അവർക്കു ദുഃഖമുണ്ടായി. തങ്ങളുടെ ഗുരു പോയാൽ അവർക്ക് പിന്നെ ആരും ഇല്ലല്ലോ എന്ന വിഷമം അവരെ അലട്ടി. അവർ ദുഃഖിതരായി മാറി, യേശു അവരോടു പറഞ്ഞത്. നിങ്ങളുടെ ഹൃദയം കലങ്ങുകയും ഭ്രമിക്കയുമരുത് ദൈവത്തിൽ വിശ്വസിപ്പിൻ' എന്നിലും വിശ്വസിപ്പിൻ; എന്റെ പിതാവിന്റെ ഭവനത്തിൽ അനേക വാസസ്ഥലങ്ങൾ ഉണ്ട് ഞാൻ പോയി സ്ഥലം ഒരുക്കിയാൽ വീണ്ടും വന്ന് നിങ്ങളെ ചേർത്തുകൊള്ളും എന്ന് കർത്താവ് അവർക്കു വാഗ്ദാനം കൊടുത്തു (യോഹന്നാൻ 14:1-2).

നിങ്ങളുടെ അഭയം മനുഷ്യരിലോ, പാരമ്പര്യ വിശ്വാസത്തിലോ അരുത്. നാമധേയ വിഭാഗത്തിലോ മതാദ്ധ്യക്ഷന്മാരിലോ അരുതു. കാരണം അവയെല്ലാം താല്ക്കാലികമാണ്, ഉറപ്പില്ലാത്തതാണ്. പക്ഷേ ദൈവത്തിലും അവന്റെ വചനത്തിലും അഭയം കണ്ടെത്തിയാൽ നിങ്ങൾ എന്നേക്കും ജീവിക്കും. യഥാർത്ഥ ക്രിസ്ത്യാനികളായി തീർന്നാൽ അവരുടെ പൗരത്വം ഭൂമിയിലല്ല, പിന്നെയോ സ്വർഗ്ഗത്തിലത്രേ (ഫിലി 3:20-21). രക്ഷിക്കപ്പെടുവാൻ, ദൈവത്താൽ അനുഗ്രഹിക്കപ്പെടുവാൻ, ഭൗതികമായി മരിച്ചാൽ എന്നേക്കും ജീവിക്കുവാൻ, സ്വർഗ്ഗത്തിൽവസിക്കുവാൻ ദൈവത്തിൽ അഭയം കണ്ടെത്തുക. *

---

(10-ാം പേജിന്റെ തുടർച്ച)

സ്നേഹിതാ, നിങ്ങൾ ക്രിസ്ത്യാനിയാണെങ്കിലും അല്ലെങ്കിലും നിങ്ങളും ഞാനും നമ്മുടെ അകൃത്യങ്ങളെ കുറിച്ചു ബോധമുള്ളവരാകണം, അതിൽ നമുക്ക് ദുഃഖം ഉണ്ടാകയുംവേണം. പാപത്തിന്റെപിടിയിൽ അകപ്പെട്ടിരിക്കുന്നവർ എല്ലാം വളരെ ഭാരം അനുഭവിക്കുന്നതായി കാണാം, നാം ഒരിക്കലും ഇത്തരം പാപങ്ങളെ ചെറുതായി അഥവാ നിസ്സാരമായി കാണരുത്. പരിശുദ്ധാത്മാവ് നല്കിയതായ വചനത്തെ നാം നിസ്സാരമായി പുച്ഛിച്ചു തള്ളുമ്പോൾ നാം പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുകയാണ് ചെയ്യുന്നതു. പരിശുദ്ധാത്മാവിനെതിരെ വ്യാജം പ്രവർത്തിച്ച അനന്യാസിനും സഫീറാക്കും സംഭവിച്ചതു നാം മറക്കരുത്. ദൈവത്തിന്റെ ആത്മാവിനെ ദുഷിക്കയുമരുത്. പരിശുദ്ധാത്മാവിനെതിരായുള്ള ദൂഷണം ദൈവം ഒരിക്കലും ക്ഷമിക്കയില്ല. നിങ്ങൾ ദൈവത്തെ ദുഃഖിപ്പിക്കുന്നുവോ? **

# ഉല്പത്തി

J. ഫ്രാൻസീസ് BA, LLB

ബൈബിളിനെ രണ്ടായി വിഭജിച്ചിരിക്കുന്നു. പഴയ നിയമം, പുതിയ നിയമം. പഴയ നിയമത്തിലെ ആദ്യ പുസ്തകമാണ് ഉല്പത്തി. ലോക സൃഷ്ടി മുതൽ യോസേഫിന്റെ മരണം വരെയുള്ള ചരിത്രം ഇതിൽ പ്രതിപാദിച്ചിരിക്കുന്നു. സംഭവങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ അദ്ധ്യായങ്ങളായി ഞാൻ ഇവിടെ വിവരിക്കുന്നു.

## I സൃഷ്ടി

ആറു ദിവസങ്ങൾകൊണ്ടു ദൈവം എല്ലാം സൃഷ്ടിച്ചു. ഏഴാം ദിവസത്തെ ദൈവം അനുഗ്രഹിച്ചു ശുദ്ധീകരിച്ചു (ഉല്പ: 2:3). കാരണം അന്നു സകല പ്രവൃത്തികളും നിവർത്തിക്കപ്പെട്ടു കഴിഞ്ഞിരുന്നു. അന്നും ആഴ്ചയിൽ ഏഴു ദിവസങ്ങൾ ഉണ്ടായിരുന്നുവെന്നു ഇതിൽ നിന്നു വ്യക്തമാകുന്നു. ഓരോ ദിവസത്തേയും സൃഷ്ടി എന്തായിരുന്നുവെന്നു നോക്കാം.

ഒന്നാം ദിവസം ആദ്യമായി ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. അപ്പോൾ ഭൂമി പാഴും ശൂന്യവുമായിരുന്നു. അന്നു ഭൂമിയിൽ ഉണ്ടായിരുന്നത് ഇരുളും വെള്ളവും മാത്രം. ദൈവാത്മാവു വെള്ളത്തിന്മേൽ പരിവർത്തിച്ചു. അവൻ കല്പിച്ച പ്രകാരം വെളിച്ചം ഉണ്ടായി. ഈ വെളിച്ചം കൊണ്ടു അവൻ ഇരുളിനെ വേർതിരിച്ചു. വെളിച്ചത്തെ പകലെന്നും ഇരുളിനെ രാത്രിയെന്നും അവൻ പേരിട്ടു. (1:1-5) അങ്ങനെ ഒന്നാം ദിവസം ഭൂമിയും വെളിച്ചവും അവൻ സൃഷ്ടിച്ചു.

അടുത്ത ദിവസം അവൻ കല്പിച്ച പ്രകാരം വെള്ളങ്ങളുടെ മദ്ധ്യേ ഒരു വിതാനം ഉണ്ടായി. അതു വെള്ളങ്ങളെ തമ്മിൽ വേർതിരിച്ചു. വിതാനത്തിനു ആകാശമെന്നു പേരിട്ടു. (1:6-8). രണ്ടാം ദിവസത്തെ സൃഷ്ടി ആകാശമാകുന്നു.

അടുത്ത ദിവസം അവന്റെ കല്പന പ്രകാരം ആകാശത്തിൻ കീഴുള്ള ജലം ഒരു സ്ഥലത്തു കൂടി. ഉണങ്ങിയ നിലം കാണപ്പെട്ടു. ഈ നിലത്തെ ഭൂമിയെന്നും, വെള്ളക്കൂട്ടത്തെ സമുദ്രമെന്നും പേരിട്ടു. ഭൂമിയിൽ പുല്ലും വിവിധ തരം ഫലങ്ങൾ കായ്ക്കുന്ന വൃക്ഷങ്ങളും മുളച്ചുവന്നു (1:9 13). മൂന്നാം ദിവസത്തിൽ ഉണങ്ങിയ നിലവും, സമുദ്രവും, ഉണങ്ങിയ നിലത്തിൽ പുല്ലും വൃക്ഷങ്ങളും സൃഷ്ടിക്കപ്പെട്ടു.

നാലാം ദിവസം അവന്റെ ആജ്ഞ അനുസരിച്ചു് ആകാശവിതാ

ണത്തിൽ സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ തുടങ്ങിയ വെളിച്ചങ്ങൾ ഉണ്ടായി. ഇവ കാലം, ദിവസം, സംവൽസരം എന്നിവ തിരിച്ചറിയുന്നതിനു ഉപയോഗിച്ചു (1:14-19)

ദൈവം ഒന്നാം ദിവസം വെളിച്ചം സൃഷ്ടിച്ചുവെന്നു പറഞ്ഞിട്ട് നാലാം ദിവസവും വെളിച്ചം സൃഷ്ടിച്ചുവെന്നു പറയുന്നതു തെററാണെന്നു ചിലർ വാദിച്ചേക്കും. രണ്ടു ദിവസങ്ങളിലേയും ദൈവ പ്രവൃത്തികൾ ബൈബിളിലൂടെ സൂക്ഷ്മ പരിശോധന നടത്തിയാൽ അവരുടെ വാദം തെററാണെന്നു മനസ്സിലാകും. ഒന്നാം ദിവസം ദൈവം വെളിച്ചത്തെ സൃഷ്ടിച്ചു. അതു രാത്രിയും പകലും വേർതിരിക്കുന്നതിനു വേണ്ടിയായിരുന്നു. അതായത് ഇരുളിനെയും വെളിച്ചത്തെയും വേർതിരിക്കുന്നതിനായിരുന്നു. നാലാം ദിവസം ദൈവം വെളിച്ചങ്ങളെ സൃഷ്ടിച്ചു അതുകാലം, ദിവസം, സംവൽസരം എന്നിവ തിരിച്ചറിയുന്നതിനുള്ള അടയാളങ്ങളായും, പകലും രാത്രിയും വാഴുവാനും വെളിച്ചത്തെയും ഇരുളിനെയും തമ്മിൽ കൂടുതൽ വേർതിരിക്കുന്നതിനും വേണ്ടിയായിരുന്നു. ഈ രണ്ടു ദിവസങ്ങളിലും സൃഷ്ടിച്ച വെളിച്ചങ്ങൾ ഒന്നായിരുന്നില്ല. അവ വ്യത്യസ്തങ്ങളായിരുന്നു- അവയുടെ ഉപയോഗങ്ങളും വ്യത്യസ്തമായിരുന്നു.

അഞ്ചാം ദിവസം ദൈവം കല്പിച്ചതനുസരിച്ച് വെള്ളത്തിൽ ജലജന്തുക്കളും ആകാശത്തിൽ പറവ ജാതികളും ഉണ്ടായി. വർദ്ധിച്ചു പെരുകുവാൻ അവയോടു കല്പിക്കുകയും ചെയ്തു (1:20-23)

ആറാം ദിവസം ദൈവ കല്പന പ്രകാരം കന്നുകാലി, ഇഴജാതി കാട്ടുമൃഗം, തുടങ്ങിയവ ഉണ്ടായി, അവസാനമായി നിലത്തെ പൊടി ഉപയോഗിച്ചു അവൻ മനുഷ്യനെ സൃഷ്ടിച്ചു. അവൻെറ മൂക്കിൽ ജീവശ്വാസം ഊതി അപ്പോൾ മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു. ഈ ജീവനാണ് ആത്മാവായി ഓരോരുത്തരിലും ഇന്നും ജീവിക്കുന്നത്. അവനു ആദാമെന്നു പേരിട്ടു. ഭൂമിയിൽ നിന്നു എടുക്കപ്പെട്ടവൻ എന്നാണു ആദമെന്ന പദത്തിൻെറ അർത്ഥം. ആദത്തിൻെറവാരിയെല്ലിൽ നിന്നും ഹവ്വായെന്ന സ്ത്രീയെ ദൈവം സൃഷ്ടിച്ചു. അവളെ നരനിൽ നിന്നും എടുത്തതിനാൽ നാരിയെന്ന പേര് അവൾക്കു ലഭിച്ചു. അവളെ പുരുഷനിൽ നിന്നും എടുത്തതിനാൽ ഭാര്യയും ഭർത്താവും തങ്ങളുടെ മാതാപിതാക്കളെ വിട്ടു ഒരേ ശരീരമായി ഇന്നും ജീവിക്കുന്നു. അവർക്കു താമസിക്കുന്നതിനായി ഭൂമിയിൽ ഒരു ഏദൻതോട്ടം ഉണ്ടാക്കി അവിടെ പാർപ്പിച്ചു എല്ലാ സൗഭാഗ്യങ്ങളും അവർക്കു അവിടെ നൽകി (2:7, 21-25.

## II ആദ്യമനുഷ്യൻ

ദൈവം ആറാം നാളിൽ സൃഷ്ടിച്ച ആദാവും ഹവ്വായുമാണ് ആദ്യ മനുഷ്യർ. ആദിമ മനുഷ്യർക്കു താമസിക്കുന്നതിനായി സൃഷ്ടിച്ച

താണു് ഏദൻ തോട്ടം. അവിടെ അവർക്കു എല്ലാ സൗഭാഗ്യങ്ങളും നൽകി. അവരെ തോട്ടത്തിൽ ആക്കിയതു അലസരായി കഴിഞ്ഞു കൂടുന്നതിനു അല്ലായിരുന്നു. തോട്ടത്തിൽ ജോലിചെയ്യുന്നതിനും തോട്ടം കാത്തു സൂക്ഷിക്കുന്നതിനും വേണ്ടിയായിരുന്നു. ഇതു തന്നെയാണു് ഓരോ മനുഷ്യരും ഭൂമിയിൽ ഇന്നും ചെയ്തുകൊണ്ടിരിക്കുന്നത്. നാം ഓരോരുത്തരും ഇന്നും ഭൂമിയിൽ അദ്ധ്വാനിക്കുകയും, ഭൂമിയെ കാത്തു സംരക്ഷിക്കുകയും ചെയ്യുന്നു. ഭൂമിയെ കാത്തുസംരക്ഷിക്കാത്തതിന്റെ ഫലം ഇന്നു പല രീതിയിലും നാം അനുഭവിച്ചുകൊണ്ടിരിക്കുന്നു. കാലാവസ്ഥയിൽ ഉണ്ടാകുന്നുമാററം പുതിയ രോഗങ്ങളുടെ ആവിർഭാവം തുടങ്ങിയവ ഇതിനു ഉദാഹരണങ്ങൾ മാത്രം.

തോട്ടത്തിൽ താമസിച്ച മനുഷ്യർക്കു ദൈവം ഒരു കല്പന നൽകി. തോട്ടത്തിലെ സകല വൃക്ഷങ്ങളുടെയും ഫലം ഇഷ്ടംപോലെ തിന്നാം. എന്നാൽ നന്മതിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുത്. അതു തിന്നുന്ന നാളിൽ നിങ്ങൾ മരിക്കും. (2:16,17)

സുഖലോലുപരായി കഴിഞ്ഞിരുന്ന ആദി മനുഷ്യരെ പ്രലോഭിപ്പിച്ചു തെററിക്കുന്നതിനായി കൗശലമേറിയ പാമ്പു സ്ത്രീയെ സമീപിച്ചു. അവൾ ബലഹീനയായിരുന്നു. തോട്ടത്തിലെ യാതൊരു വൃക്ഷത്തിൻ ഫലവും നിങ്ങൾ തിന്നരുതെന്നു ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ എന്നുപാമ്പുയാതൊന്നും അറിയാത്ത രീതിയിൽ സ്ത്രീയോടു ചോദിച്ചു (3:12) സ്ത്രീ സത്യം തുറന്നു പാമ്പിനോടു പറഞ്ഞു (3:34) അതിനു പാമ്പു സ്ത്രീയോടുപറഞ്ഞവാക്കുകൾ ആകർഷണീയതഉളളവാക്കുന്നതായിരുന്നു. നിങ്ങൾ മരിക്കുകയില്ല നിശ്ചയം. അതു തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണുകൾ തുറക്കുകയും നന്മതിന്മകൾ അറിയുന്നവരായി നിങ്ങൾ ദൈവത്തെപ്പോലെ ആകുകയും ചെയ്യും എന്നു ദൈവം അറിയുന്നു (3:5). ദൈവത്തെപ്പോലെ ആകാതിരിക്കുന്നതിനാണ് ഈ കല്പന നിങ്ങൾക്കു നൽകിയത്. ഇതിൽ ആകൃഷ്ടയായ സ്ത്രീ ഫലത്തെ നോക്കി. ദൈവത്താൽ വിലക്കപ്പെട്ട ആ ഫലം തിന്മാൻ നല്ലതും, കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും ആണെന്നു കണ്ടു. ഫലം പറിച്ചു തിന്നു ഭർത്താവിനും കൊടുത്തു, അവനുംതിന്നു. (3;6) ഉടനെ അവരുടെ കണ്ണുകൾ തുറന്നു തങ്ങൾ നഗ്നരെന്നു അവർ അറിഞ്ഞു: അത്തിയിലകൂട്ടിത്തുന്നി തങ്ങൾക്കു അരയാട ഉണ്ടാക്കി (3:7) നഗ്നത മറച്ചു ലോകത്തിൽ ആദ്യമായി നഗ്നത മറക്കുവാൻ വേണ്ടി അരയാട ഉണ്ടാക്കി.

വെയിലാറിയപ്പോൾ ദൈവം തോട്ടത്തിൽ നടക്കുന്ന ശബ്ദം അവർ കേട്ടു, ദൈവ കല്പന ലംഘിച്ചതിനാൽ ദൈവം തങ്ങളെ കാണാതിരിപ്പാൻ തോട്ടത്തിലെ വൃക്ഷങ്ങളുടെ ഇടയിൽ അവർ ഒളിച്ചു. 'ദൈവം മ

നുഷ്യനെ വിളിച്ചു എവിടെയെന്നു ചോദിച്ചു. തോട്ടത്തിൽ നിന്റെ ഒച്ചകേട്ടിട്ട് ഞാൻ നഗ്നനാകകൊണ്ടു ഭയപ്പെട്ടു ഒളിച്ചുവെന്നു അവൻ മറുപടി പറഞ്ഞു. നീ നഗ്നനെന്നു നിന്നോടു ആരു പറഞ്ഞു? ഞാൻ തിന്നരുതെന്നു നിന്നോടു കല്പിച്ച വൃക്ഷഫലം നീ തിന്നുവോ എന്നു അവൻ വീണ്ടും ചോദിച്ചു (3;8-11). ഈ ചോദ്യത്തിനു അവൻ സ്ത്രീയിൽ കുററം ആരോപിച്ചു മറുപടി പറഞ്ഞു. എന്നോടുകൂടെ ഇരിപ്പാൻ നീ തന്നിട്ടുള്ള സ്ത്രീ വൃക്ഷഫലം തന്നു, ഞാൻ തിന്നുകയും ചെയ്തു (3:12). നീ ഈ ചെയ്തത് എന്തെന്നു ദൈവം സ്ത്രീയോടു തിരിഞ്ഞു ചോദിച്ചു. അവൾ കുററം പാമ്പിൽ ആരോപിച്ചു. പാമ്പു എന്നെ വഞ്ചിച്ചു, ഞാൻ തിന്നുപോയി: (3:13).

നീതിമാനായ ദൈവം തെററു ചെയ്തവരേയും തെററിനു പ്രേരിപ്പിച്ച പാമ്പിനെയും ശിക്ഷിച്ചു. പാമ്പിനു ദൈവം യാതൊരു കല്പനയും നൽകിയിരുന്നില്ല. പാമ്പു ദൈവത്തോടു നേരിട്ടു യാതൊരു തെററും ചെയ്തില്ല. എന്നാൽ ദൈവ കല്പന ലംഘിക്കുന്നതിനായി പാമ്പു സ്ത്രീയേയും, സ്ത്രീയിലൂടെ പുരുഷനേയും പ്രേരിപ്പിച്ചു. അതിനാൽ പ്രേരണാകുററം പാമ്പിൽ ചുമത്തപ്പെട്ടു. ഇന്നും കുററങ്ങൾ ചെയ്യുന്നതിനു പ്രേരണ നൽകുന്നവരേയും കോടതികൾ ശിക്ഷിക്കാറുണ്ട്. പ്രേരണാകുററത്തിനു പാമ്പിനു നൽകിയ ശിക്ഷ ഇതായിരുന്നു. നീ എല്ലാ കന്നുകാലികളിലും കാട്ടു മൃഗങ്ങളിലും വച്ചു ശപിക്കപ്പെട്ടിരിക്കുന്നു. ഉരസ്സുകൊണ്ടു ഗമിച്ചു നിന്റെ ആയുഷ്ക്കാലമൊക്കെയും പൊടിതിന്നും. ഞാൻ നിനക്കും സ്ത്രീക്കും, നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും. നീ അവന്റെ കുതികാൽ തകർക്കും (3:14,15). പാമ്പുകളുടെ ജീവിതത്തിൽ ഇന്നും ഇതു അക്ഷരം പ്രതി നടന്നുകൊണ്ടിരിക്കുന്നു.

പാമ്പിന്റെ വാക്കിൽ വിശ്വസിച്ചു ഫലം പറിച്ചു തിന്ന സ്ത്രീയേയും ദൈവം ശിക്ഷിച്ചു. കഷ്ടവും ഗർഭധാരണവും നിനക്കു വലുതായിരിക്കും. വേദനയോടുകൂടി മക്കളെ പ്രസവിക്കും. നിന്റെ ആഗ്രഹം ഭർത്താവിനോടു ആകും, അവൻ നിന്നെ ഭരിക്കും. (3:16) കഷ്ടവും ഗർഭധാരണവും ഇന്നും സ്ത്രീകളിലാണു നിലനില്ക്കുന്നത്. വേദനയോടെ അവൾ മക്കളെ പ്രസവിക്കും. അവൾ സ്വന്ത ഭർത്താവിനോടു വളരെയധികം ആഗ്രഹം നിറഞ്ഞവളായിരിക്കും. ഭർത്താവിനാൽ കുടുംബത്തിൽ അവൾ ഭരിക്കപ്പെടുന്നു. ഭർത്താവിനാൽ കുടുംബത്തിൽ ഭരിക്കപ്പെടാത്ത സ്ത്രീകൾ സമൂഹത്തിൽ തന്റേടികളും തോന്ന്യവാസക്കാരുമായിരിക്കും. അവരുടെ കുടുംബത്തിൽ സമാധാനം കാണുകയില്ല. കുടുംബത്തിലെ അസമാധാനത്തിനുള്ള ഒരു കാരണം ഇതു തന്നെയാണ്.

സ്ത്രീയെ വിശ്വസിച്ച് ദൈവത്താൽ വിലക്കപ്പെട്ട ഫലം അവൾ നൽകിയപ്പോൾ അതു വാങ്ങി ഭക്ഷിച്ച പുരുഷനേയും ദൈവം ശിക്ഷിച്ചു. ആയുഷ്കാലമൊക്കെയും കഷ്ടതയോടെ ഭൂമിയിൽ നിന്നു അഹോവൃത്തി കഴിക്കും. മുള്ളും പറക്കാരയും നിനക്കു ഭൂമിയിൽ നിന്നു മുളക്കും. വയലിലെ സസ്യം നിനക്കു ആഹാരമാകും. നിലത്തു നിന്നു നിന്നെ എടുത്തിരിക്കുന്നു. അതിൽ തിരികെ ചേരുവോളം മുഖത്തെ വിയർപ്പോടെ നീ ഉപജീവനം കഴിക്കും. നീ പൊടിയാകുന്നു. പൊടിയിൽ തിരികെ ചേരും (3:17-19). ഓരോ മനുഷ്യരുടെയും ജീവിതത്തിൽ ഇതു ഇന്നും സത്യമായി നിലനില്ക്കുന്നു. മുഖത്തെ വിയർപ്പോടെ ഉപജീവനം കഴിക്കാത്ത മനുഷ്യർ ആരാണ് ഇന്നു ഈ ലോകത്തിൽ ജീവിക്കുന്നത്? ആയുഷ്കാലമൊക്കെയും കഷ്ടതയോടു കൂടി ഭൂമിയിൽ നിന്നു അഹോവൃത്തി കഴിക്കാത്ത മനുഷ്യർ ആരാണു ഈ ലോകത്തിൽ ഉള്ളത്. ഇതു ശരിയാം വണ്ണം പാലിക്കാത്ത മനുഷ്യർ ഈ ലോകത്തിൽ ഉണ്ടെങ്കിൽ അവർ വലിയ രോഗികളായിരിക്കും. ഈ രോഗത്തിൽ നിന്നു വിമുക്തി മരിക്കുന്നതുവരെ അവർക്കു ഉണ്ടായിരിക്കുകയില്ല.

ദൈവം മനുഷ്യരെ ശിക്ഷിച്ചുവെങ്കിലും ഒരു പിതാവിനെപ്പോലെ അവൻ അവരെ സ്നേഹിച്ചു. അതിനാൽ വൃക്ഷത്തിൻ തോൽകൊണ്ടു ഉടുപ്പുണ്ടാക്കി അവരെ ഉടുപ്പിച്ചു (3:17-21). അങ്ങനെ ആദ്യമായി ഉടുപ്പു ഉണ്ടാക്കി ദൈവം അവരെ അണിയിച്ചു.

എന്നാൽ മനുഷ്യൻ നന്മതിന്മകളെ അറിവാൻ തക്കവണ്ണം നമ്മിൽ ഒരുത്തനെപ്പോലെ ആയി തീർന്നിരിക്കുന്നുവെന്നു ദൈവം കണ്ടു. ഇനി അവൻ കൈനീട്ടി ജീവ വൃക്ഷത്തിൻ ഫലം, കൂടി പറിച്ചു തിന്നു എന്നേക്കും ജീവിക്കുവാൻ സംഗതി വരാതിരിപ്പാനും, നിലത്തുകൃഷി ചെയ്യുന്നതിനുവേണ്ടിയും ദൈവം അവരെ ഏദൻ തോട്ടത്തിൽ നിന്നു പുറത്താക്കി. അവർ വീണ്ടും ജീവവൃക്ഷത്തിലേക്കുള്ള വഴിയിൽ കയറാതിരിക്കുന്നതിനായി ഏദൻ തോട്ടത്തിനു കിഴക്കു കെരൂബുകളെ തിരിഞ്ഞുകൊണ്ടിരിക്കുന്ന വാളിന്റെ ജ്വാലയുമായി നിർത്തി (3:22-24).

അതിനുശേഷം ആദ്യപുരുഷനായ ആദാം ആദ്യ സ്ത്രീയായ ഹവ്വായെ പരിഗ്രഹിച്ചു. അവൾ ഗർഭം ധരിച്ചു ആദ്യം കയീനെയും പിന്നെ ഹാബേലിനെയും പ്രസവിച്ചു. അതിനു ശേഷം ശേത്തിനെ പ്രസവിച്ചു: ആദാം തൊള്ളായിരത്തി മുപ്പതു സംവൽസരം ജീവിച്ചിരുന്നു. ഈ കാലഘട്ടത്തിൽ പുത്രന്മാരേയും പുത്രിമാരേയും അവൻ ജനിപ്പിച്ചു (4:1,2;5:3-5).

# 'നീ വായിക്കുന്നതു ഗ്രഹിക്കുന്നുവോ?'

എം. കെ. കുര്യൻ

എത്യോപ്യ രാജ്ഞിയുടെ സകല ഭണ്ഡാരത്തിനും മേൽ വിചാരകനായിരുന്ന എത്യോപ്യൻ ഒരു ഷണ്ഡനും. അതേസമയം തന്നെ അയാൾ ഒരു മഹാനും ആയിരുന്നു.

അയാൾ നല്ല പരിജ്ഞാനമുള്ള ഒരു വ്യക്തി ആയിരുന്നു എന്നു ഇതിൽനിന്നും നമുക്കു മനസിലാക്കാം. ഒരു ദൈവദൂതൻ ഫിലിപ്പോസ് എന്ന സുവിശേഷകനെ (ആ വ്യക്തിയുടെ യെരുശലേമിൽ നിന്നുള്ള മടക്കയാത്രയിൽ വഴിയിൽ വച്ചു കണ്ടു മുട്ടത്തക്ക ഒരു സാഹചര്യത്തിൽ) എത്തിച്ചു. ഷണ്ഡൻ സഞ്ചരിച്ചിരുന്ന തേരിൽ ഇരുന്നു കൊണ്ടു അവൻ പഴയ നിയമത്തിൽ നിന്നും യെശയ്യാ പ്രവാചകൻെറ പുസ്തകം വായിക്കുകയായിരുന്നു. അപ്പോൾ ഫിലിപ്പോസ് അവൻെറ അടുത്തു ചെന്നു അവനോടു ചോദിച്ച ചോദ്യമാണ് 'നീ വായിക്കുന്നതു ഗ്രഹിക്കുന്നുവോ' എന്നതു. ഇത്ര അറിവുള്ള ഒരു വ്യക്തിയോടു എന്തുകൊണ്ടു ഫിലിപ്പോസു അപ്രകാരം ചോദിച്ചു? വേദപുസ്തകം വായിച്ചാൽ മാത്രം മതിയാകുന്നതല്ല, വായിക്കുന്ന വേദഭാഗങ്ങളുടെ സാരാംശം എന്തെന്നു ഗ്രഹിച്ചിരിക്കയും വേണം എന്നാണ് ഈ ചോദ്യത്തിൻെറ അർത്ഥം. തുടർന്നു അതിൻെറ സാരം എന്തെന്നു മനസിലാക്കുവാൻ ഷണ്ഡൻ ഫിലിപ്പോസിനോടു അപേക്ഷിക്കുന്നതായി കാണാം. എന്നാൽ അവൻ വായിച്ച വേദഭാഗത്തെ ആധാരമാക്കി യേശുവിനെക്കുറിച്ചുള്ള സുവിശേഷമാണു ഫിലിപ്പോസ് ഷണ്ഡനെ അറിയിച്ചതു. ഫിലിപ്പോസ് അറിയിച്ച സുവിശേഷം. ഷണ്ഡൻ കേൾക്കയും ഹൃദയപൂർവ്വം അതനുസരിക്കുകയും ചെയ്തു എന്നു തെളിയുന്നു. (പ്രവൃ.8:26-40). ഇതിൽ നിന്നും പഴയ നിയമത്തിൽ നിന്നും അവൻ വായിച്ച വേദഭാഗത്തിൻെറ സാരാംശം എന്തെന്നു അവൻ ഗ്രഹിച്ചതു ക്രിസ്തുവിൻെറ സുവിശേഷം കേട്ടതുമൂലമാണെന്നു വ്യക്തമായി തെളിയുന്നു. (റോമ.10:11-18). "എങ്കിലും എല്ലാവരും സുവിശേഷം അനുസരിച്ചിട്ടില്ല''. (വാക്യം 16)

എല്ലാവരും വേദപുസ്തകം വായിക്കുന്നു, എങ്കിലും അതിൻെറ സാരാംശം എന്തെന്നു ഗ്രഹിച്ചിട്ടില്ല. ഭൂരിഭാഗം പേരും അതിനായി ആഗ്രഹിക്കുന്നുമില്ല. ഞങ്ങളും വേദപുസ്തകമാണ് വായിക്കുന്നതെന്നും, അതാണു ക്രിസ്തുമത ഗ്രന്ഥമായി ഞങ്ങൾ ഉപയോഗിക്കുന്നതെന്നും അവർ അവകാശപ്പെടുന്നു. എങ്കിലും അവർ പറയുന്നതു പിതൃപാരമ്പര്യത്തെക്കുറിച്ചാണു. ഒരു മദ്യപാനി മദ്യപിച്ചു നടക്കാൻ

നിവൃത്തിയില്ലാതെ വഴിയിൽ വീണു കിടന്നപ്പോൾ അവന്റെ വീട്ടുകാർ അവനെ പൊക്കിയെടുത്തു വീട്ടിൽ കൊണ്ടുപോയി. സുബോധം വന്നപ്പോൾ അവന്റെ മാതാവ് അവന്റെയടുത്തു ചെന്ന് സ്നേഹപൂർവ്വം ഉപദേശിച്ചു. 'മകനെ ഇനിയെങ്കിലും നീ ഈ മദ്യപാനം ഒന്നു നിർത്തു' എന്ന്. 'അമ്മേ പാരമ്പര്യം തുടരാൻ ഒരാളെങ്കിലും നമ്മുടെ കുടുംബത്തിൽ വേണ്ടായോ' എന്നായിരുന്നു മദ്യപാനിയുടെ മറുപടി. അവന്റെ അപ്പനും, അപ്പന്റെ അപ്പനും, അവരുടെ അപ്പന്മാരും മദ്യപാനികളായിരുന്നു എന്നു അവൻ വെളിപ്പെടുത്തി. ഇതു നടന്ന ഒരു സംഭവമാണ്. സമുദായ ക്രിസ്ത്യാനികളുടെ പാരമ്പര്യം പറച്ചിലും ഇതുപോലെ തന്നെയാണ്. പിതൃപാരമ്പര്യം വ്യർത്ഥമാണെന്ന് (മതപരമായി) അവർ ധരിക്കുന്നില്ല. യഥാർത്ഥ പാരമ്പര്യം ക്രിസ്തീയ പാരമ്പര്യമായി നാം കണക്കാക്കണം. ആ പാരമ്പര്യം യേശു ക്രിസ്തുവിന്റെ മഹത്തായ ആജ്ഞപ്രകാരം അവൻ പ്രത്യേകം തിരഞ്ഞെടുത്ത അവന്റെ അപ്പോസ്തലന്മാരിൽ കൂടി ആരംഭിക്കുന്നു. ആ അപ്പോസ്തലന്മാരുടെ പാരമ്പര്യമാണ് നാം അനുകരിക്കേണ്ടത്. (ഫിലി. 3:17-21), (എബ്രാ.13:7-9), (യൂദാ:17,21), (1യോഹ. 4:6), (യോഹ.13;20), (ഗലാ1:6-10).

എന്നാൽ ഏകദേശം A. D 325 നു ശേഷം ആ ക്രിസ്തീയപാരമ്പര്യത്തിന്നു വചന വിരുദ്ധമായ നിയമങ്ങളും, ഉപദേശങ്ങളും, ആചാരാനുഷ്ഠാനങ്ങളും, ഉണ്ടായിത്തുടങ്ങി. നേതൃത്വം, കർത്തൃത്വം, സ്വാർത്ഥത, അജ്ഞത, അഭക്തി, ദ്രവ്യാഗ്രഹം മുതലായവ ക്രിസ്ത്യാനികളെ വിവിധ നാമങ്ങളോടു കൂടിയ സമുദായ സംഘടനകളാക്കി ചിതറിച്ചു. അതേ തുടർന്നാണു നാം ഇപ്പോൾ കാണുന്ന (അവർ പറയുന്ന) പിതൃപാരമ്പര്യം ആരംഭിച്ചതു (1പത്രൊ1.18-19) അംഗസംഖ്യയിലുള്ള വർദ്ധനവ്, സാമ്പത്തിക ഭദ്രത, ഉന്നതസ്ഥാനമാനങ്ങൾ ഇവയെല്ലാമാണു ഈ ലോകപ്രകാരമുള്ള അവരുടെ നിലനില്പു തങ്ങളുടെ വ്യർത്ഥമായ പാരമ്പര്യം യാഥാർത്ഥ്യമാണെന്നുമനുഷ്യരെ ധരിപ്പിക്കുവാൻ തെളിവായി അവർ ചൂണ്ടിക്കാണിക്കുന്നതു (മത്താ 7:13-14) 'സകല മനുഷ്യരും നിങ്ങളെ പുകഴ്ത്തിപ്പറയുമ്പോൾ നിങ്ങൾക്കു അയ്യോ കഷ്ടം' എന്നു ക്രിസ്തു തന്റെ അപ്പോസ്തലന്മാരോടു പറഞ്ഞത് ഇത്തരുണത്തിൽ സ്മരണീയമാണ് (ലൂക്കോ 6;26) അപ്പോസ്തലന്മാർ ഒരിക്കലായി അറിയിച്ച ആ സുവിശേഷത്തിനു വിപരീതമായി വേറൊരു സുവിശേഷം അറിയിക്കുവാൻ അപ്പോസ്തലന്മാർക്കുപോലും അവകാശമില്ല എന്നു മാത്രമല്ല ഒരു ദൈവ ദൂതനുപോലും അവകാശമില്ല എന്നാണ് തിരുവചനം പഠിപ്പിക്കുന്നതു (ഗലാ 1.7-10) ഇങ്ങനെയിരിക്കെ ഈ സമുദായ നേതാക്കൾ അവർ അപ്പോസ്തലന്മാരുടെ പിൻഗാമിക്കൂട്ടരാണെന്നു അവകാശപ്പെടുന്നതു കേൾക്കുമ്പോൾ വിസ്മയിച്ചു പോകുന്നു 2 കൊരി 4:2-4).(1 യോഹ 4:6)

ഇവർ ശിശുസ്നാനത്തെ പുനർജനന സ്നാനമായി ചിത്രീകരിക്കയും വചനത്തോടു കൂടിയ ജല സ്നാനത്തെ ദുർബ്ബലപ്പെടുത്തുകയും ചെയ്യുന്നു (മത്താ 15:6.8) എന്നാൽ ഒരു ശിശുവിനെയെങ്കിലും സ്നാനപ്പെടുത്തിയതായി അപ്പോസ്തോലിക ഉപദേശത്തിൽ (ദൈവ വചനത്തിൽ) കാണുന്നില്ല (1തെസ്സ 2:10-11) (2 തെസ്സ 2:13.15) വിശ്വസിപ്പാനും (സുവിശേഷം) ഉപദേശം അനുസരിപ്പാനും ശിശുക്കൾ പ്രാപ്തരല്ല: ശിശുക്കൾക്കു പാപവുമില്ല. സ്വർഗ്ഗരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ' (മത്താ. 19:14) മർക്കോ 16:15:16) )റോമ 6.1718) (മത്താ 28: 18-20) ശിശുക്കൾക്കു പകരം മറ്റൊരാൾ വിശ്വസിച്ചാൽ മതിയെന്നും, ശിശുക്കൾക്ക് പ്രായം വന്നശേഷം അവരെ ഉപദേശിച്ചാൽ മതിയെന്നും നാമധേയ വിഭാഗങ്ങൾ പഠിപ്പിക്കുന്നു. അതു അവരുടെ സ്വന്ത ഉപദേശമാണു. കർത്താവിന്റെ വചനമല്ല. (യോഹ 12:48-50) അവരുടെ ഈ ദുരുപദേശത്തെ നീതീകരിക്കുവാൻ അവർ കഫർന്ന ഹൂമിലെ ശതാധിപന്റെയും മററും ഉദാഹരണങ്ങൾ പഠിപ്പിക്കുന്നു (മത്താ 8: 5-13) ശതാധിപന്റെ വിശ്വാസത്താൽ അവന്റെ ബാല്യക്കാരനു സൗഖ്യം ലഭിച്ചതുപോലെ ശിശുക്കൾക്കും അവരെ സ്നാനം കഴിപ്പിക്കുന്നവരുടെ വിശ്വാസത്താൽ രക്ഷ ലഭിക്കുന്നു എന്നാണ് അവർ പറയുന്നതു (മത്താ 8:5-13) അവർ വേദപുസ്തകം വായിക്കുന്നു എങ്കിലും അവർ ഒന്നും ഗ്രഹിക്കുന്നില്ല എന്നു ഇതിൽ നിന്നും തെളിയുന്നു.

കാരണം ഒരുത്തന്റെ വിശ്വാസത്താൽ ഒരു ശിശുവിന് രക്ഷ ലഭിക്കുമെങ്കിൽ ആ ശിശുവിനെ എന്തിന്ന് സ്നാനം കഴിപ്പിക്കുന്നു? മാത്രമല്ല ഇത് എല്ലാവർക്കും ബാധകമാക്കാവുന്നതുമാണല്ലോ. പ്രായം ചെന്ന ഒരു വ്യക്തിയുടെ രക്ഷക്കു വേറൊരു വ്യക്തിയുടെ വിശ്വാസം മതിയാകുമല്ലോ? (മർക്കോ 16. 15.16) കാരണം ശതാധിപന്റെബാല്യക്കാരനു സൗഖ്യം ലഭിച്ചതു അവന്റെ വിശ്വാസത്താലല്ല പിന്നെയോ, ശതാധിപന്റെ വിശ്വാസത്താലാണു എന്നുതന്നെയുമല്ല യേശുക്രിസ്തു ജഢത്തിൽ വസിച്ചിരുന്ന ആ കാലത്തുരക്ഷയുടെ സുവിശേഷം പ്രാബല്യത്തിൽ വന്നിരുന്നുമില്ല (1 പത്രോ 1:10-12) ആയതിനാൽ പാപമോചനം ലഭിച്ചു രക്ഷപ്രാപിക്കണമെങ്കിൽ വിശ്വസിച്ചാൽ മാത്രം പോരാ സുവിശേഷം അനുസരിക്കുകയും വേണം എന്നാണു തിരുവചനം പഠിപ്പിക്കുന്നതു (2 തെസ.1:6-10), (എബ്രാ 5:8-9). 'ഇതാ വെള്ളം ഞാൻ സ്നാനം ഏല്ക്കുന്നതിന് എന്തുവിരോധം' എന്നുഷണ്ഡൻ എന്തുകൊണ്ടാണ് ഫിലിപ്പൊസിനോടു ചോദിച്ചതു? 'ഫിലിപ്പൊസ് ഈ തിരുവെഴുത്തു ആധാരമാക്കി അവനോടു യേശുവിനെക്കുറിച്ചുള്ള സുവിശേഷം അറിയിപ്പാൻ തുടങ്ങി'. എന്നല്ലാതെ മററൊന്നും അവൻ ചെയ്യേണ്ടതിനെക്കുറിച്ചു രേഖപ്പെടുത്തിയിട്ടില്ല (പ്രവൃ.8:35). സുവിശേഷം അനുസരിക്കുന്നതു അതിൽ വിശ്വസിച്ച ശേഷമാണു. സുവിശേഷം അനുസരിച്ചു സ്നാനം ഏല്ക്കുമ്പോൾ ദൈവത്തിന്റെവ്യാപാരശക്തിയിലുള്ള വിശ്വാസത്താൽ നാമും രക്ഷിക്കപ്പെടുകയത്രേ ചെയ്യുന്നു, (കൊലൊ.2;12) എന്നു തന്നെയുമല്ല വച

നത്തോടു കൂടിയ ജലസ്നാനം നിലവിൽ വന്നതു ക്രിസ്തുവിന്റെ ക്രൂശുമരണത്തിനും ഉയിർത്തെഴുന്നേല്പിനും ശേഷമാണ് എന്നു വെളിപ്പെടുത്തിയിരിക്കുന്നു. (മത്താ.28:16-20), (മർക്കോ.16:15-16) (യോഹ.3:2-15).

യേശുക്രിസ്തുവോ അപ്പോസ്തലന്മാരോ മനുഷ്യരിൽ ആരെയെങ്കിലും പുണ്യവാളന്മാരായോ, പുണ്യവതികളായോ പ്രത്യേകം പ്രഖ്യാപിച്ചിട്ടില്ല. അവരുടെ നാമത്തിൽ നേർച്ച, കാഴ്ച, വഴിപാടുകൾ അർപ്പിക്കണമെന്നു കല്പിച്ചിട്ടുമില്ല. എങ്കിലും അവരുടെ പിൻഗാമികൾ എന്നവകാശപ്പെടുന്ന സമുദായ നേതാക്കന്മാർക്കു അങ്ങനെ ചെയ്യുവാൻ അധികാരമുണ്ടെന്ന് പുതിയ നിയമത്തിൽ തെളിവൊന്നുമില്ല. (ഗലാ.1:6-10), (1 യോഹ.4:6), (2 കൊരി.4:3, 4), (റോമ. 1;16). 'ഇതാ ഞാൻ കർത്താവിന്റെ ദാസി' എന്നും, 'എന്റെ ആത്മാവു എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു' എന്നും മറിയം തന്നേ മറിയത്തെക്കുറിച്ചു വെളിപ്പെടുത്തിയിരിക്കുന്നു. (ലൂക്കോ.1:38-48). ദൈവത്തിന്റെ ദാസി എന്ന അവസ്ഥയിൽ ദൈവം എന്തു കല്പിച്ചാലും അതെല്ലാം അനുസരിക്കാൻ കടപ്പെട്ടവളാണു താനെന്നു മറിയം തെളിയിക്കുന്നു. മാത്രമല്ല മറിയത്തെ രക്ഷിക്കേണ്ടതും ദൈവം തന്നെയാണെന്നു മറിയം സമ്മതിക്കുന്നു. ഈ ലോകബന്ധങ്ങൾ മരണശേഷം നിലനില്ക്കുന്നില്ല. സകല മനുഷ്യരുടെയും അവസ്ഥ ഇതുതന്നെ. യേശുവിന്റെ അമ്മ എന്നുമറിയം വിളിക്കപ്പെട്ടതു ജഡപ്രകാരമുള്ള അവസ്ഥയിലായിരുന്നു. (യോഹ.19:26-27), (2 കൊരി. 5:16). എല്ലാ സത്യക്രിസ്ത്യാനികളും മറിയത്തെപ്പോലെ തന്നേ കൃപ ലഭിച്ചവരും (2 കൊരി.6:1), അനുഗ്രഹം ലഭിച്ചവരും (എഫേ. 1:3), ദൈവത്തിന്റെ ദാസന്മാരും, ദാസിമാരും, (റോമ.6:22), ഭാഗ്യവാന്മാരും, ഭാഗ്യവതിമാരുമാണു (വെളി.22:7).

എങ്കിലും സ്ത്രീകൾക്കുമറിയം ഒരു ഉത്തമ മാതൃകയാണു. എന്നിരിക്കിലും ഇപ്പോൾ അവർ ദൈവമാതാവാണെന്ന് വേദപുസ്തകത്തിലില്ല (1 കൊരി.11:8), (2 കൊരി.5:16). മറിയം യേശുവിന്റെ അമ്മയും യോസഫ് യേശുവിന്റെ അപ്പനുമായിരുന്നു എന്ന് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. അങ്ങനെയിരിക്കെ യോസഫ് ദൈവത്തിന്റെ പിതാവാണെന്നു എന്തുകൊണ്ടു പ്രഖ്യാപിച്ചില്ല? (മത്താ.1:20), (ലൂക്കോ.2:41). ഷണ്ഡൻ സുവിശേഷം അനുസരിച്ചു എന്നു വ്യക്തമായി തെളിയുന്നു. അവൻ സുവിശേഷം കേൾക്കയും, യേശു ദൈവപുത്രനെന്നു വിശ്വസിക്കയും, മാനസാന്തരപ്പെടുകയും, അവന്റെ വിശ്വാസം ഏറ്റുപറയുകയും പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്ക്കയും ചെയ്തു എന്നു തെളിയുന്നു (പ്രവൃ.8:26-39).

'നീ വായിക്കുന്നതു ഗ്രഹിക്കുന്നുവോ' എന്നു ഇപ്പോഴും തിരുവചനം നമ്മോടു ചോദിച്ചു കൊണ്ടേയിരിക്കുന്നു എന്നു മനസിലാക്കിയാലും.

YOUR ATTENTION PLEASE !

# Radio Srilanka Broadcasts

ENGLISH—*The Voice of Truth*—Speakers: Reggie Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth. Post Box 3815, New Delhi–110049.
Mondays— 9 : 00 to 9 : 15 P.M.
Fridays— 7 : 45 to 8 : 00 P.M.

HINDI —*Satya Susamachar*—Speaker : Sunny David.

All correspondence should be sent to Satya-Susamachar,
Post Box 3815, New Delhi–110049.
Thursdays— 7 : 15 P.M to 7.30 P.M.
Fridays — 8 : 00 P.M, to 8. 15 P. M.
Saturdays —8.00 P.M. to 8 15 P.M
Sundays — 9.00 A.M. to 9.15 A.M.

TELUGU—*The Voice of Truth*—Speaker : Joshua Gootam

All correspondence should be sent to The Voice of Truth
Post Box 60, Kakinada–533001.
Sundays— 2 : 30 to 2 : 45 P.M.
Tuesdays— 2 : 30 to 2 : 45 P.M.
Thursdays - 2 : 30 to 2 : 45 P.M.
Fridays— 2 : 30 to 2 : 45 P.M.
Saturdays—2 : 30 to 2 : 45 P.M.

TAMIL —*"The Wy of Truth"*—Speaker : P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405. Bangalore–560084.
Tuesdays— 5 : 30 to 5 : 45 P.M.
Thursdays— 6 : 45 to 7 : 00 P.M.
Sundays— 6 : 45 to 7 : 00 P.M.

MALAYALAM—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ
Trivandrum-34, Kerala.
Tuesdays & Fridays— 3 : 15 to 3 : 30 P.M.

KANNADA—The Voice of truth–Speaker Robert
Rathnakar–Box. 448, Bangalore–560004
Sundays 1:45 P.M.

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at P.P Press, for Santhosh Printers Trivandrum.

Reg: No. K. Dis. 90095/ 86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend

Services and Bible studies

Sunday 10 a.m.
Tuesday 6.30 p. m.

Meeting place

CHURCH OF CHRIST BUILDING
Sunny Meads Lane
Behind Sanskrit College, palayam
Trivandrum-695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From
**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695034

To